

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 33    ലക്കം ഏലിയാ-സ്ലീവാ-മൂശെ    സെപ്റ്റംബർ 2015    വാർഷിക വരിസംഖ്യ ₹ 100




പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്




# പിതൃമൊഴി

## ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ

- മറ്റുള്ളവർക്ക് എന്റെ ജീവിതം ഒരു ശല്യമോ ഭാരമോ ആകരുത്, പ്രത്യുത സന്തോഷവും അനുഗ്രഹവുമാകണം.
- നമ്മുടെ ഹൃദയം എന്തിനാൽ നിറയപ്പെട്ടിരിക്കുന്നുവോ അതായിരിക്കും നാം മറ്റുള്ളവർക്കു കൊടുക്കുക.
- ജീവിതത്തെക്കുറിച്ചുള്ള പോസിറ്റീവായ സങ്കല്പത്തിന്റെ ബാഹ്യപ്രകാശനമാണു സന്തോഷം.
- ദൈവസ്നേഹത്തിന്റെ ഊഷ്മാവളക്കുന്ന തെർമോമീറ്റർ സഹോദരങ്ങളോടുള്ള സ്നേഹമാണ്.
- ശരീരത്തിനു ഭക്ഷണം എന്നതുപോലെ ഹൃദയത്തിനു സ്നേഹവും ആവശ്യമാണ്.
- നാമെല്ലാം ഈ ഭൂമിയിലെ യാത്രക്കാരാണ് - കടന്നു പോകുന്നവരാണ്. നമ്മുടെ ഈ കടന്നുപോകലിൽ പ്രധാനമായത് സ്നേഹത്തിന്റെ പാദമുദ്ര പതിപ്പിച്ചു കടന്നുപോകുക എന്നതാണ്.
- പുണ്യപൂർണതയുടെ പന്ഥാവിൽ കൂടി ഒരടിയെങ്കിലും മുമ്പോട്ടു പോകുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ ആദ്യം എളിമയെന്ന പുണ്യം നമ്മുടെ ഹൃദയത്തിന്റെ ആഴത്തിൽ നട്ടുപിടിപ്പിക്കാൻ ശ്രമിക്കണം.
- മറ്റുള്ളവർ നമ്മെക്കാൾ വലിയവരാണെന്ന് കരുതുവാനുള്ള എളിയ മനോഭാവം സ്വന്തമാക്കുക.
- ദൈവം നമ്മോട് ആവശ്യപ്പെടുന്ന ശുശ്രൂഷയിൽ നാം അഹങ്കരിക്കുകയോ അതിൽ നിന്നുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചു വിലപിക്കുകയോ അല്ല വേണ്ടത്. പ്രത്യുത 'ഇതാ, ഞാൻ! എന്റെ ഈ ശുശ്രൂഷയിലൂടെ ഈശോ വളരുകയും ഞാൻ കുറയുകയും ചെയ്യണം' എന്ന മനോഭാവം മാത്രമായിരിക്കണം നമുക്കുണ്ടായിരിക്കേണ്ടത്.
- നമ്മുടെ അഹത്തോടുള്ള സ്നേഹമാണ് സ്വാർത്ഥത.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



വാല്യം 33 ഏലിയാ സ്ലീവാ മൂശെ ലക്കം, സെപ്റ്റംബർ 2015

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം
എഡിറ്റോറിയൽ ബോർഡ്
ചീഫ് എഡിറ്റർ:
മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ
മാനേജിംഗ് എഡിറ്റർ:
അന്നമ്മ കുളത്തൂപുരയിടം എ.ഒ.
എക്സിക്യൂട്ടീവ് എഡിറ്റർ:
ഷിനി തെരേസ് എ.ഒ.
പത്രാധിപസമിതി:
റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ
അനു കുരിശുംമൂട്ടിൽ എ.ഒ.
ജിസ കൂട്ടിയാനിക്കൽ എ.ഒ.
അഡ്വൈസറി ബോർഡ്:
റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ
റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ
വിൽസൺ ജോർജ്ജ് അറയ്ക്കൽ M.A. Mphil
സർക്കുലേഷൻ മാനേജേഴ്സ്:
സ്റ്റെഫി മംഗലത്തുകുന്നേൽ എ.ഒ.
മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ
മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ
ഫിനാൻസ് മാനേജർ:
ഷീലമ്മ പൂതക്കുഴി എ.ഒ.
കവർ ഡിസൈനിംഗ് & ലേഔട്ട്
ഡോളി കണ്ടച്ചാലിൽ എ.ഒ.
വാർഷിക വരിസംഖ്യ -100/-
പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862
Email: wigipress@gmail.com

പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്
സ്പിരിച്ചാലിറ്റി സെന്റർ
മാങ്ങാനം പി. ഒ.
കോട്ടയം 686 018
ഫോൺ: 0481-2578192,2309774
Email: psmktm@gmail.com

## ഉള്ളടക്കം

- ഭൂമി നമ്മുടെ പൊതുസ്വത്ത് 03
- സ്നേഹത്തിന്റെ മാക്സിമലിസം 06
- നിറയെ ഫലമേകാൻ..... 08
- മാതൃ പിതൃ സ്നേഹത്തിൽ.... 10
- വിശുദ്ധരോടൊപ്പം 12
- കൈമാറുന്ന പാരമ്പര്യങ്ങൾ 14
- വിശുദ്ധിയുടെ മുത്തുകൾക്ക് 16-17
- What Fills Our Empty Hands? 18
- നിന്റെ സമയം തീർന്നിരിക്കുന്നു 20
- സമർപ്പിതവർഷം 22
- അദ്ഭുതം സൃഷ്ടിച്ച ഭാര്യ 24
- സെനക്കിൾ തരംഗം 26
- എന്തേ ഇങ്ങനെ? 27
- അപൂർണതകളെ മറക്കുന്ന സ്നേഹം 28
- സെനക്കിൾ തരംഗം 29
- വിചാരണ 30
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 32

എഡിറ്റോറിയൽ

# ചെയ്യേണ്ടതു ചെയ്യുക

"നിങ്ങൾ നാളെ ചെയ്യാനിരിക്കുന്നത് ഇന്നു ചെയ്യുക; ഇന്നു ചെയ്യാനിരിക്കുന്നത് ഇപ്പോൾ ചെയ്യുക." ഒളിമങ്ങാത്ത പ്രഭയോടെ ഓരോ ഭാരതീയന്റെയും ഉള്ളിൽ ജ്വലിക്കുന്ന ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ വാക്കുകളാണിത്. അവസാനശ്വാസംവരെ കർമ്മോത്സുകനായിരുന്ന അദ്ദേഹത്തിന്റെ ഈ വാക്കുകൾ ആത്മീയജീവിതത്തിലും വളരെ അർത്ഥവത്താണ്. വാനോളമുയർന്ന തന്റെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കിയ പ്രതിഭാശാലിയായ അദ്ദേഹം, നേട്ടങ്ങൾക്കിടയിൽ തന്റെ ഈശ്വരവിശ്വാസം തള്ളിപ്പറയാത്ത ഒരു ആത്മീയമനുഷ്യനുമായിരുന്നു.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ വളർച്ച പ്രാപിക്കുന്ന സഭയെയാണ് കൈത്താക്കാലത്തിൽ നാം കണ്ടത്. ഈ സഭ അതിന്റെ ലക്ഷ്യത്തിലെത്തിച്ചേരുന്നത് മിശിഹായുടെ രണ്ടാമത്തെ വരവോടുകൂടിയാണ്. മിശിഹാ വന്ന് അവസാനവിധിയിലൂടെ നല്ലവരുടെയും ദുഷ്ടരുടെയും ഭാഗധേയം നിർണ്ണയിക്കുന്ന ക്രിസ്തീയജീവിതത്തിന്റെ അന്ത്യാത്മകമാനമാണ് ഏലിയാ-സ്ലീവാ-മൂശക്കാലങ്ങളിൽ സഭാമാതാവ് നമ്മുടെ ചിന്തയ്ക്ക് വിഷയമാക്കുന്നത്. ഭൗതിക നേട്ടങ്ങൾ വെട്ടിപ്പിടിക്കാനുള്ള ഓട്ടത്തിനിടയിൽ ദൈവത്തെ മറക്കുന്നവരും തങ്ങളുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ മാത്രം ദൈവത്തെ സമീപിക്കുന്നവരുമുണ്ടാകാം. "ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അതുകൊണ്ട് അവന് എന്തു പ്രയോജനം?" (മർക്കോ 8,36) എന്ന തിരുവചനം നാം മറക്കാൻ പാടില്ല. അവസാനവിധിയുടെ മാനദണ്ഡം മിശിഹായിലുള്ള സ്നേഹജീവിതമാണെന്ന് വി. മത്തായി സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ടല്ലോ (25,31-46). യഥാർത്ഥ ദൈവസ്നേഹമുള്ളവർക്കേ ശരിയായ പരസ്നേഹമുണ്ടായിരിക്കൂ. നമ്മുടെ ജീവിതവും വാക്കുകളും പ്രവൃത്തികളും മറ്റുള്ളവർക്കു ദൈവത്തിന്റെ സ്നേഹസാന്നിദ്ധ്യം നല്കുന്നതാവണം. അപരനിലെ ദൈവികത നാം തിരിച്ചറിയുകയും വേണം. നമ്മുടെ വളർച്ച നമ്മുടെ സഹോദരങ്ങളുടെ തളർച്ചയാകരുത്. ഓരോരുത്തർക്കും ലഭിച്ചിരിക്കുന്ന താലന്തുകൾ കണ്ടെത്തി, വളർത്തി, എല്ലാവർക്കും ഉപകരിക്കത്തക്കവിധം ഉപയോഗിക്കണം. സ്നേഹത്തിന്റെ സംസ്കാരം ഒരുമിച്ചു പടുത്തുയർത്താൻ നമുക്കു ശ്രമിക്കാം.

ചീഫ് എഡിറ്റർ






# ഭൂമി നമ്മുടെ പൊതുസ്വത്ത്

ഫാ. സെബാസ്റ്റ്യൻ
തുണ്ടത്തിക്കുന്നേൽ വി.സി.

ഫ്രാൻസിസ് മാർപാപ്പായുടെ പുതിയ ചാക്രികലേഖനത്തിന്റെ പേരാണ് 'Laudato si - അങ്ങേക്ക് സ്തുതിയായിരിക്കട്ടെ'. നമ്മുടെ പൊതുഭവനമായ ഭൂമിയോട് നമുക്കുള്ള മനോഭാവത്തെ വിലയിരുത്തുന്നതിനും തെറ്റുകളെ തിരുത്തുന്നതിനും, ഈ ഭൗതിക ഭവനത്തെക്കുറിച്ച് കരുതലുള്ളവരായിരിക്കുന്നതിനും മാർപാപ്പ നമ്മെ ഉദ്ബോധിപ്പിക്കുന്നു. സ്രഷ്ടാവും സൃഷ്ടിയും, മനുഷ്യനും ജീവജാലങ്ങളും, പ്രകൃതിയും കാലാവസ്ഥയും, ദരിദ്രരും സമ്പന്നരും, ഭൗതികതയും ആദ്ധ്യാത്മികതയും, കർഷകരും വ്യവസായികളും ഒക്കെ തമ്മിൽ നിലനിൽക്കേണ്ട ബന്ധത്തെ വിലയിരുത്തുകയും അവയെ മഹത്ത്വവൽക്കരിക്കുകയും ചെയ്യുന്നുണ്ട് ഈ ചാക്രികലേഖനത്തിൽ.

നമ്മുടെ പൊതുഭവനം തകർച്ചയുടെ വക്കിലായിരിക്കുന്നു. അന്തരീക്ഷ മലിനീകരണം, കാലാവസ്ഥ വ്യതിയാനം, ശുദ്ധജലത്തിന്റെ ദൗർലഭ്യം, ജൈവവൈവിദ്ധ്യനഷ്ടം തുടങ്ങിയവയാൽ നമ്മുടെ പൊതുഭവനമായ ഭൂമി സംഘർഷഭരിതമാണ്. കുടുംബാംഗങ്ങളായ നാം ഉണർന്നു പ്രവർത്തിക്കുവാൻ വൈകിക്കൂടാ. മനുഷ്യന്റെ ജീവിതശൈലിയിൽ സമൂല പരിവർത്തനം അടിയന്തിര ആവശ്യമായിരിക്കുന്നു. ശാസ്ത്രമുന്നേറ്റങ്ങളും സാങ്കേതിക വൈഭവങ്ങളും, സാമ്പത്തിക പുരോഗ



തിയും ആർജ്ജിക്കുന്നതോടൊപ്പം, സാമൂഹ്യ-ധാർമ്മിക പുരോഗതിയും നാം നേടണം. മറ്റ് വ്യക്തികളോട് സമാദരവും, ചുറ്റുമുള്ള ലോകത്തോട് പരിഗണനയും കാട്ടി ഉപഭോഗ സംസ്കാരത്തിൽ നിന്നും വലിച്ചെറിയൽ സ്വഭാവത്തിൽനിന്നും നാം പിന്തിരിയണം.

ദൈവത്തിന്റെ അനന്തനന്മയും സൗന്ദര്യവുമാണ് പ്രകൃതി പ്രതിഫലിപ്പിക്കുന്നത്. “സൃഷ്ടികളുടെ മഹത്ത്വത്തിലും സൗന്ദര്യത്തിലും നിന്ന് അവയുടെ സ്രഷ്ടാവിനെ നമുക്കറിയാൻ സാധിക്കും'' (ജ്ഞാനം 13:5). ദൈവം മനുഷ്യനെ ഏദൻതോട്ടത്തിൽ ആക്കിയത് സ്നേഹത്തിൽ കഴിയുവാനും കൃഷി ചെയ്യുവാനും ഭൂമിയെ സംരക്ഷിക്കുന്നതിനുമായിട്ടാണ്. ഉത്ഥിതനായ ഈശോയുടെ സാന്നിധ്യവും ഇന്ന് ലോകം മുഴുവനിലും ഉണ്ട്. പ്രകൃതിയുടെ പൊതുനന്മ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. കാരണം, ഭൂമി നമ്മുടെ പൊതുഭവനമാണ്. അതിനാൽ മനുഷ്യ മഹത്ത്വം മറക്കാതെ തന്നെ സർവജീവജാലങ്ങൾക്കും നമ്മുടെ പൊതുഭവനത്തിൽ സ്ഥാനമുണ്ടാകണം.

ലോകത്തോടുള്ള ബന്ധത്തിൽ സാഹോദര്യത്തിന്റെയും സൗന്ദര്യത്തിന്റെയും ഭാഷ ഉപയോഗിച്ചിരുന്ന വി. ഫ്രാൻസീസ് അസ്സീസ്സിയുടെ മാതൃകയാണ് മാർപാപ്പ എടുത്തുകാട്ടുന്നത്. വി. ബൊനവെഞ്ചർ സാക്ഷ്യപ്പെടുത്തുന്നതുപോലെ, “എല്ലാറ്റിന്റെയും ആദ്യ ഉറവിടമായ ദൈവത്തെക്കുറിച്ചുള്ള ചിന്തയിൽനിന്ന്, അഗാധമായ ഭക്തിയാൽ നിറഞ്ഞ്, അദ്ദേഹം ഏറ്റം നിസ്സാരമായ സൃഷ്ടിയെപ്പോലും ‘സഹോദരാ/സഹോദരി’ എന്ന് അഭിസംബോധന ചെയ്തിരുന്നു. നമ്മുടെ പൊതു ഭവനത്തെ “ഭൂമീദേവി” എന്ന് ഭാരത സംസ്കാരത്തിൽ നാം വിളിച്ചപ്പോൾ, ഭൂമിയെ മാതാവായും സോദരിയായും വി. ഫ്രാൻസീസ് വിശേഷിപ്പിക്കുന്നു. തന്റെ സൂര്യകീർത്തനത്തിൽ അദ്ദേഹം പ്രാർത്ഥിക്കുന്നു: “ഞങ്ങളെ താങ്ങുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സോദരി ഭൂമി മാതാവിനാൽ എന്റെ കർത്താവേ, നീ സ്തുതിക്കപ്പെടട്ടെ”.

നാമോരോരുത്തരും ചെറിയ തോതിലാണെങ്കിലും പരിസ്ഥിതി നാശത്തിനു കാരണമാകുന്നതുകൊണ്ട് നാം അനുതപിക്കണം. “സൃഷ്ടപ്രപഞ്ചത്തിനെതിരായുള്ള അതിക്രമം നമുക്കെതിരെയും ദൈവത്തിനെതിരെയുമുള്ള പാപമാണ്” എന്ന് എക്യുമേനിക്കൽ പാത്രിയാർക്കീസ് ബർത്തലോമിയായോടൊപ്പം ഫ്രാൻസീസ് മാർപാപ്പയും സമ്മതിക്കുന്നു. അതിനാൽ, ഭൂമി നമ്മുടെ പൊതുഭവനമാണെന്ന ബോധ്യത്തോടെ, ജലവും ജീവനും വായുവും മണ്ണും ദുഷിപ്പിക്കാതിരിക്കാൻ നമുക്കു ശ്രമിക്കാം. ‘‘ലോകഃസമസ്താഃസുഖിനോ ഭവന്തു” (സർവ ചരാചരങ്ങൾക്കും സുഖവും ക്ഷേമവും ഉണ്ടാകട്ടെ) എന്ന ആർഷഭാരത ചിന്ത നമ്മിൽ ജ്വലിച്ചുനിൽക്കട്ടെ. ദൈവത്തിന്റെ ഉപകരണങ്ങൾ എന്ന നിലയിൽ നാമോരോരുത്തർക്കും നമ്മുടെ കഴിവ്, സമ്പത്ത്, ഭാഗഭാഗിത്വം എന്നിവയിലൂടെ നമ്മുടെ പൊതുഭവനം സംരക്ഷിക്കുവാനും പടുത്തുയർത്തുവാനും ഒന്നിച്ചു പ്രവർത്തിക്കാം.





# സ്നേഹത്തിന്റെ മാക്സിമലിസം



മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ

സെനക്കിൾ ആദ്ധ്യാത്മികതയുടെ അടിസ്ഥാനസ്വഭാവം രക്ഷാകരസ്നേഹമാണ്. സെനക്കിളിലേക്കുള്ള ഈശോയുടെ പ്രവേശനസന്ദർഭത്തിൽ ഇതു വ്യക്തമായി പറയുന്നുണ്ട്: “ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്ക് പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനുമുമ്പ് ഈശോ അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു” (യോഹ 13,1). ലോകരക്ഷകനായി കടന്നുവന്ന ഈശോ തന്റെ രക്ഷാകരപ്രവർത്തനം പൂർത്തിയാക്കുവാനുള്ള അടുത്ത ഒരുക്കം നടത്തിയത് സെനക്കിളിലാണ്. താൻ പൂർത്തിയാക്കുവാൻ പോകുന്ന രക്ഷാകരകർമ്മത്തിന്റെ പൊരുൾ എന്താണെന്ന് ഈശോ വ്യക്തമാക്കുന്ന വേദിയാണ് സെനക്കിൾ. ആ വേദിയിലേക്കു വരാൻ ഈശോ അത്യധികം ആഗ്രഹിച്ചു (ലൂക്കാ 22,15). തന്റെ രക്ഷാകര ദൗത്യം തുടർന്നുകൊണ്ടുപോകുവാൻ താൻ പ്രത്യേകം തിരഞ്ഞെടുത്ത പന്ത്രണ്ടു ശ്ലീഹന്മാരോടുകൂടി ആ നിമിഷങ്ങൾ ചെലവഴിക്കുവാൻ ഈശോ തീവ്രമായി അഭിലഷിച്ചു. താൻ പൂർത്തിയാക്കുന്നതും അവർ തുടരേണ്ടതുമായ രക്ഷാകരപ്രവർത്തനത്തിന്റെ അന്തഃസത്ത

എന്താണെന്ന് അവർക്ക് ഈശോ ഇവിടെ വെളിപ്പെടുത്തുകയാണ്. സ്നേഹത്തിന്റെ ഭാഷയിലാണ് അത് വെളിപ്പെടുത്തുന്നത്. തന്റെ പീഡാനുഭവ, മരണ, ഉത്ഥാനങ്ങളിലൂടെ അവിടുന്ന് വെളിപ്പെടുത്താൻ പോകുന്ന സ്നേഹത്തിന്റെ പ്രവാചകപ്രഖ്യാപനമാണ് ശിഷ്യരുടെ കാലുകഴുകലിൽ സംഭവിക്കുന്നത്.

**രക്ഷാകരസ്നേഹവും മാക്സിമലിസവും**

സ്നേഹത്തിന്റെ 'മാക്സിമലിസം' വെളിപ്പെടുത്തുന്ന വേദിയാണ് സെനക്കിൾ. ഈശോയുടെ രക്ഷാകരപീഡാനുഭവവും മരണവും ഉത്ഥാനവും സ്നേഹത്തിന്റെ മാക്സിമലിസത്തിന്റെ വെളിപ്പെടുത്തലായിരുന്നു: 'പിതാവിനു നമ്മോടുള്ള സ്നേഹത്തിന്റെ മാക്സിമലിസം': "എന്തെന്നാൽ ... തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16). 'ഈശോയ്ക്കു നമ്മോടുള്ള സ്നേഹത്തിന്റെ മാക്സിമലിസം': "സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹം ഇല്ല" (യോഹ 15,13). ഈശോയുടെ സ്നേഹത്തിന്റെ മാക്സിമലിസത്തിന്റെ അടയാളമാണ് കുരിശ്. ഈശോയുടെ സ്നേഹത്തിന്റെ മാക്സിമലിസത്തിന് വിശ്വാസ്യത നല്കുന്നത് അവിടുത്തെ കുരിശാണ്. ഈ കുരിശിന്റെ സ്വഭാവവും അർത്ഥവുമാണ് സെനക്കിളിൽ വെളിപ്പെടുത്തുന്നത്. അതുപോലെതന്നെ 'നമുക്ക് ദൈവത്തോടും നമ്മുടെ സഹോദരങ്ങളോടുമുണ്ടായിരിക്കേണ്ട സ്നേഹത്തിന്റെ മാക്സിമലിസവും' സെനക്കിളിൽ വെളിപ്പെടുത്തുന്നുണ്ട്: "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,34-35).

**ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും മാക്സിമലിസം**

ക്രൈസ്തവരുടെ സ്നേഹത്തിനു മാതൃകയായി ഈശോ കാണിച്ചുതന്നിരിക്കുന്നത് അവിടുന്നു വെളിപ്പെടുത്തിയ സ്നേഹത്തിന്റെ മാക്സിമലിസമാണ്. പഴയനിയമകാലംമുതലേ ദൈവം മനുഷ്യനിൽനിന്നും ആവശ്യപ്പെടുന്നതും സ്നേഹത്തിന്റെ മാക്സിമലിസംതന്നെയാണ്: "ഇസ്രായേലേ, കേൾക്കുക: നമ്മുടെ ദൈവമായ കർത്താവ് ഒരേ കർത്താവാണ്. നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടുംകൂടെ സ്നേഹിക്കണം" (നിയ 6,4-5). "നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക. ഞാനാണു കർത്താവ്" (ലേവ്യ 19,18). പുതിയനിയമത്തിൽ ഈശോ പഴയനിയമത്തിലെ സ്നേഹത്തിന്റെ മാക്സിമലിസം പൂർത്തീകരിക്കുകയാണ് ചെയ്തത്. ദൈവസ്നേഹവും പരസ്നേഹവും ഒന്നിപ്പിച്ചുകൊണ്ടാണ് അവിടുന്ന് അപ്രകാരം ചെയ്തത് (മർക്കോ 12,29-31). ദൈവസ്നേഹവും പരസ്നേഹവും തമ്മിലുള്ള ബന്ധം വെറും ബാഹ്യപരമല്ല; സത്താപരമാണ്. ദൈവസ്നേഹത്തിൽനിന്നും ഉയരുന്നതാണ് പരസ്നേഹം. ദൈവത്തെ സ്നേഹിക്കാത്തവന് മനുഷ്യനെ വേണ്ടതുപോലെ സ്നേഹിക്കാനാവില്ല. അതുപോലെതന്നെ മനുഷ്യനെ സ്നേഹിക്കാത്തവൻ ദൈവത്തെയും സ്നേഹിക്കുന്നില്ല: "പ്രിയപ്പെട്ടവരേ, നമുക്കു പരസ്പരം സ്നേഹിക്കാം. ... സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം, ദൈവം സ്നേഹമാണ്" (1 യോഹ 4,8). "കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല" (1 യോഹ 4,20).

**സ്നേഹത്തിന്റെ മാക്സിമലിസം: ബൈബിളിന്റെ അന്തഃസത്ത**

ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ രഹസ്യം വെളിപ്പെടുത്തുന്ന വിശുദ്ധ ലിഖിതങ്ങളുടെ അന്തഃസത്തയും സ്നേഹത്തിന്റെ മാക്സിമലിസമാണ്. സൃഷ്ടികർമ്മവും രക്ഷാകർമ്മവും സ്നേഹമാകുന്ന ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലുകളാണ്. തന്റെ ജീവനിലും സൗഭാഗ്യത്തിലും പങ്കുചേരാൻ മനുഷ്യനെ സൃഷ്ടിച്ചത് ദൈവത്തിന്റെ സ്നേഹത്തിന്റെ പ്രവർത്തനമാണ്. തന്റെ ജീവശ്വാസം നല്കി മനുഷ്യനെ ജീവനുള്ളവനാക്കി മാറ്റിയത് ഈ സ്നേഹത്തിന്റെ വെളിപ്പെടുത്തലായിരുന്നു: "ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു" (ഉല്പ 2,7). പാപംചെയ്ത് അവൻ അത് നഷ്ടപ്പെടുത്തിയിട്ടും അവനെ കൈവിടാതെ രക്ഷാകർമ്മം പൂർത്തിയാക്കി തന്റെ അരൂപിയെ നല്കിക്കൊണ്ട് അവനെ വീണ്ടും ജീവിപ്പിച്ചു: "ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" (യോഹ 20,22). ബൈബിളിന്റെ ആരംഭത്തിലും അവസാനത്തിലും കാണുന്ന ഈ രണ്ടു നിശ്വസനങ്ങൾ ദൈവസ്നേഹത്തിന്റെ മാക്സിമലിസത്തിന്റെ വെളിപ്പെടുത്തലുകളാണ്. ഇതിന്റെ വിവിധ രൂപഭാവങ്ങളാണ് ബൈബിളിൽ ഉടനീളം പ്രതിഫലിക്കുന്നത്.

**മിനിമലിസത്തിൽനിന്നും മാക്സിമലിസത്തിലേക്ക്**

പാപബദ്ധനായ മനുഷ്യൻ പൊതുവേ 'മിനിമലിസ്റ്റ്' ആകുവാൻ പ്രവണതയുള്ളവനാണ്. "നിത്യജീവൻ പ്രാപിക്കുവാൻ ഞാൻ എന്തു നന്മയാണു പ്രവർത്തിക്കേണ്ടത്?" (മത്താ 19,16) എന്നു ചോദിച്ചുകൊണ്ട് ഈശോയെ സമീപിച്ചയാൾ അങ്ങനെയുള്ള മനുഷ്യനെ പ്രതിനിധീകരിക്കുന്നവനാണ്. അവൻ പ്രമാണങ്ങളൊക്കെ 'അരുതു'കളിൽ ഒതുങ്ങിനിന്നുകൊണ്ട് നല്ല ജീവിതം നയിക്കുന്നവനായിരുന്നു. എന്നാൽ ഈശോ അവനെ സ്നേഹത്തിന്റെ മാക്സിമലിസത്തിലേക്ക് ക്ഷണിക്കുകയാണ്: "നീ പരിപൂർണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ, പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. ... പിന്നെ വന്ന് എന്നെ അനുഗമിക്കുക" (മത്താ 19,21). അരുതുകളിൽ ഒതുങ്ങിനില്ക്കാതെ ആകേണ്ടതുകളിലേക്കു കടന്ന് സ്നേഹത്തിന്റെ മാക്സിമലിസത്തിൽ പ്രമാണങ്ങൾ അനുസരിക്കുന്നവരാണ് മിശിഹായുടെ യഥാർത്ഥ അനുയായികൾ. മിനിമലിസത്തിൽനിന്നും മാക്സിമലിസത്തിലേക്കു കടക്കുവാനുള്ള വിളിയാണ് ക്രൈസ്തവരുടേത്.


**നിന്നെയും വിളിക്കുന്നു.....**

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**



**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**



# "നിറയെ ഫലമേകാൻ നീ വരമേകീടണമേ"

മങ്ങാടൻ

*"ഞങ്ങളെ പരിരക്ഷിക്കുകയും ഭരിക്കുകയും ഞങ്ങൾക്കുവേണ്ടി സമൃദ്ധമായ നിറഭംഗിയുള്ള ഫലങ്ങൾ നൽകുകയും ചെയ്യുന്ന നമ്മുടെ സഹോദരിയായ ഭൂമിയിലൂടെ, എന്റെ കർത്താവേ, നിനക്കു സ്തുതി" (ഫ്രാൻസിസ് അസ്സീസി)*

വീട്ടിൽനിന്നും പ്രിയപ്പെട്ടവരാരോ കടന്നുപോയതിന്റെ നൊമ്പരം പോലെ ചങ്കിനെ ഭാരപ്പെടുത്തുന്ന ദിവസമായിരുന്നു ജൂലൈ 25 അത്രമാത്രം ജീവിതത്തിന്റെ ഭാഗമായിത്തീർന്നിരുന്നു 18 വർഷംകൊണ്ട് അവൾ. അവളെ അമ്മയോടു തുലനം ചെയ്യാനാണെനിക്കേറെയിഷ്ടം. അവളുടെ ഓരോ കരവും വിരിക്കാവുന്നത്രയും അവൾ നീട്ടിപ്പിടിച്ചു... കാരണം ആവുന്നത്ര തണലാവണം. ഉയരാൻ പറ്റുന്നത്ര ഉയർന്നു... അത്രയും ഫലം ചൂടണം. വേരുകൾ ജലസ്രോതസ്സുകൾ തേടിയോടി പരിധികളില്ലാതെ.. എന്തിനെന്നോ അതിജീവനം വഴി തന്നിൽ അഭയം തേടുന്നവർക്ക് അഭയമേകുവാൻ.. ഫലം ചൂടേണ്ട കാലങ്ങളിൽ യാതൊരു മടിയും കൂടാതെ അത്ര മധുരമായ ഫലം ആവോളം നൽകിക്കൊണ്ട് അനേകരുടെ കൗതുകത്തിന് കാരണമായി. അവളെങ്ങനെ പ്രിയങ്കരിയാകാതിരിക്കും... എല്ലാവരുടെയും ശ്രദ്ധാകേന്ദ്രം. വീട്ടിൽ വരുന്നവരൊക്കെ അവളെ ഒന്നു ശ്രദ്ധിക്കും. കാരണം അത്ര സുന്ദരമായിരുന്നു അവളുടെ ആകാരം... അമ്മച്ചി മാവെന്നു വിളിക്കാൻ അത്ര വയസ്സിയല്ല അവൾ. ജീവിതം കൊണ്ടവളെ അമ്മ മാവെന്നു വിശേഷിപ്പിക്കാം. പ്രായം കൊണ്ടവൾ മധുരപതിനെട്ടിലും.

18 വർഷം കൊണ്ടവൾ നൂറ്റിയെൺപതായുസ്സിന്റെ സന്തോഷവും ആനന്ദവും പകർന്നു ഏവർക്കും. എത്ര വർഷം ഈ ഭൂമിയിൽ ജീവിച്ചു എന്നതല്ല എങ്ങനെ ജീവിച്ചു എന്നതാണ് പ്രസക്തം എന്നത് വായിച്ചതോർക്കുന്നു. അവളെ







നോക്കിയിരുന്നാൽ കൂടെ കളിക്കാനും വിരുന്നുണ്ണാനുമെത്തുന്ന വ്യത്യസ്തരായ കളിക്കൂട്ടുകാരെ നമുക്കു കാണാനാവും. ചില് ചില് ശബ്ദത്തോടെ എത്ര അണ്ണാറകണ്ണന്മാരും അവളുടെ വീട്ടിലേക്കു വന്നിരുന്നതെന്ന് പറയാനാകില്ല.. കാക്കകളും കിളികളും പറവകളും... രാത്രി പതുങ്ങി എലികളും വാവലുകളും. ഇവരെയെല്ലാം തൃപ്തിപ്പെടുത്തുന്ന കാര്യത്തിൽ അവൾ തെല്ലും പരാജയപ്പെട്ടില്ല. ഇവരെക്കാൾ ശല്യം പകലുള്ള കുട്ടികളുടെ കൂട്ടുകൂടലായിരുന്നു. കൂടെ ഏറ്റവും ക്രൂരമായ ചെരുപ്പേറും കല്ലേറും... പക്ഷേ പരാതിയില്ലാതെ മതിവരുവോളം തന്റെ ജീവരസം കുഞ്ഞുങ്ങൾക്കായി നല്കി. കൊടുക്കുന്നതിൽ, മറ്റുള്ളവരെ സന്തോഷിപ്പിക്കുന്നിൽ സംതൃപ്തി തേടിയ ഒരു അമ്മമരം. യജമാനൻ നിശ്ചയിച്ച സമയത്ത് യാതൊരു പരിഭവവും കൂടാതെ, തന്നെയേൽപിച്ച കർത്തവ്യം നിർവ്വഹിച്ച നിർവൃതിയോടെ അവൾ ശിരസ്സു നമിച്ചുനിന്നു. അവളുടെ ശരീരത്തുകൂടി വാൾ കടന്നുപോയപ്പോൾ എന്റെ കണ്ണീർതുള്ളിയോടൊപ്പം മനസ്സിൽ കടന്നുവന്നത് ഫ്രാൻസിസ് പാപ്പായുടെ വാക്കുകളാണ്. 'അങ്ങേയ്ക്കു സ്തുതി' എന്ന ചാക്രികലേഖനം നമ്പർ 33-ൽ അദ്ദേഹം ഇങ്ങനെ നമ്മോടു പറയുന്നു "വ്യത്യസ്ത ജീവജാലങ്ങളെ ഭാവിയിൽ ഉപയോഗസാധ്യതയുള്ള 'വിഭവങ്ങൾ' മാത്രമായി കണ്ടാൽ പോരാ; അവയ്ക്ക് അവയിൽത്തന്നെ ഒരു മൂല്യം ഉണ്ടെന്ന കാര്യം മറക്കരുത്. ഓരോ വർഷവും ആയിരക്കണക്കിന് ചെടികളും ജീവജാലങ്ങളും ഈ ലോകത്തുനിന്നും അപ്രത്യക്ഷമാകുന്നുണ്ട്. അവ എന്നന്നേക്കുമായി നഷ്ടപ്പെടുന്നതുകൊണ്ട് അവയെക്കുറിച്ചറിയാൻ നമുക്കാവുകയില്ല. അവയെ കാണാനുള്ള ഭാഗ്യം നമ്മുടെ കുഞ്ഞുങ്ങൾക്കുണ്ടാവുകയില്ല. ഇവ അന്യം നിന്നു പോകുന്നത് മനുഷ്യന്റെ പ്രവർത്തനങ്ങൾ കാരണമാണ്... നമുക്ക് അതിനുള്ള അവകാശമില്ല".

ധരയിൽ നരജന്മം എങ്ങനെയാവണം എന്നതിന് അവൾ പാഠമായി മാറുകയായിരുന്നു. സഹജർക്ക് തണലാകുവാൻ സാധിച്ചുവെങ്കിൽ നിന്റെ ജീവിതം എത്ര ധന്യം! വ്യക്തിവർണ്ണ വ്യത്യാസം കൂടാതെ ഏവർക്കും തണലാകുവാൻ നിനക്കാവണം എന്നത് പാഠം ഒന്ന്. മറ്റൊന്ന് ഫലം ചൂടുക എന്നതാണ്. പീഠത്തിന്മേൽ ഉയർത്തിവച്ച ദീപംപോലെ സാക്ഷ്യമാർന്ന ജീവിതമാണ് ഇതർത്ഥമാക്കുക. പാഠാവസാന സൂചന ഇതാണ്. ഏതു കാറ്റിലും കോളിലും തലയുയർത്തി നിൽക്കണമെങ്കിൽ വേര് ആഴത്തിൽ ഉറപ്പിക്കപ്പെടണം. ആറ്റുതീരത്തെ വൃക്ഷംപോലെ വേനലിലും ഇല കൊഴിയാതെ പച്ചപ്പോടെ നിൽക്കാൻ നിത്യജീവന്റെ ഉറവിടത്തിലേക്ക് വേര് ആഴപ്പെടണം. വി. കുർബാനയായവനിൽ വേരൂന്നണം.

പരിമിതമായ ഇഹലോകവാസം ദൈവമഹത്ത്വത്തിനുതകുന്നതാകാൻ യജമാനന്റെ ഹിതം തിരിച്ചറിയുന്നവരും സമ്മതം നൽകുന്നവരുമാകാം. ഏലിയാ സ്ലീവാ മൂശെക്കാലത്തിലെ തിങ്കൾ ഓനീസാദ്റംശയിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്ന ചിന്ത ഹൃദയത്തിൽ സംവഹിക്കാം.

*"ധരയിൽ നരജന്മം പരിചോടു വികസിക്കും*
*മലരിനു സമമല്ലോ മരണസമീരണനെത്തുമ്പോൾ*
*മഹിയിൽ ഞെട്ടറ്റതുവീഴും പാരിലെ വാസം പരിമിതമാണതിനാൽ*
*ദൈവ സ്തുതി വളരാൻ നാമെന്നും സ്നേഹം ചൊരിയേണം"*

*(ഏലിയാ സ്ലീവാ മൂശെക്കാലം തിങ്കൾ റംശ)*

# മാതൃപിതൃ സ്നേഹത്തിൽ വളരേണ്ട മക്കൾ



**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
**റെക്ടർ, മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി**

അബ്രാഹം ദൈവഹിതാനുസാരം വിശ്വാസത്തിനനുഗുണമാം വിധം ഇസഹാക്കിനെയും റബേക്കയെയും കുടുംബജീവിതത്തിലേക്ക് വഴി നടത്തി. എന്നാൽ നാല്പതാം വയസ്സിൽ റബേക്കയെ വിവാഹം കഴിച്ച് കുടുംബജീവിതമാരംഭിച്ച അവർക്ക് മക്കൾ ഇല്ലായിരുന്നു. മക്കൾ ദൈവദാനമാണന്നും അവരെ ദൈവം കനിഞ്ഞു നല്കുന്നതാണെന്നുമുള്ള നിത്യസത്യം (ഉല്പ 1,28; 4,1) ഒരിക്കൽ കൂടി പ്രഘോഷിക്കപ്പെടുമാറ് ഇസഹാക്കിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരമായി റബേക്കയിൽ ഇരട്ടക്കുഞ്ഞുങ്ങൾ ജന്മമെടുക്കുകയും ചെയ്യുന്നു.

ഉദരസ്ഥ ശിശുക്കൾ അവരുടെ ഭാവിയെ വെളിപ്പെടുത്തുന്ന വിധമാണ് ചലിക്കുക. മല്ലടിക്കുന്ന കുഞ്ഞുങ്ങൾ എന്തായിതീരുമെന്ന് റബേക്കയുടെ പ്രാർത്ഥനയിൽ ഉത്തരം സംലഭ്യമാകുന്നുമുണ്ട്. ഒരു അബ്ദുൾ കലാമും ഇപ്പോൾ ആയിരിക്കുന്നതുപോലെ ഈ ലോകത്തിലേക്കു വന്നവരല്ല. ഒരു റാറ്റ്സിംഗറും ബനഡിക്ട് പാപ്പായായി ജനിച്ചവനല്ല. അവരും നാമിന്നായിരിക്കും വിധം രൂപപ്പെട്ടതാണ്. ഉദരത്തിലായിരിക്കുമ്പോൾ തന്നെ നമ്മുടെ മാനുഷിക കഴിവുകളായ ബുദ്ധിവൈഭവവും ശാരീരിക രൂപങ്ങളും, സ്ത്രീപുരുഷവ്യത്യാസങ്ങളും അതിന്റെ എല്ലാ സാരാംശങ്ങളിലും ഉൾചേർക്കപ്പെട്ടിരുന്നു. അനുകൂലസാഹചര്യത്തിൽ അവ അതിന്റെ പൂർണതയിലേക്ക് വളരുന്നു എന്നു മാത്രം. അതിനാൽ തന്നെ ഉദരത്തിൽ ഉരുവാകുന്ന ജീവൻ അതിന്റെ ആദ്യനിമിഷം മുതൽ ഒരു വ്യക്തിയെ ഉൾക്കൊള്ളുന്നു. അതിനാൽ ഭ്രൂണഹത്യ തുടങ്ങി ഈ ഭൂമിയിൽ ജീവനെ നിഹനിക്കുന്ന എല്ലാ മാർഗ്ഗങ്ങളും അധാർമ്മികതയും ജീവനു വിരുദ്ധവും മനുഷ്യനന്മയെയും വളർച്ചയെയും ഗൗരവമായി ബാധിക്കുന്നതുമാണ്.

ശാരീരികമായും സ്വഭാവസവിശേഷതകളിലും വ്യതിരിക്തരായിരുന്നു ഇരുവരും. ഇസ്രായേൽജനം പ്രത്യേകം പരിഗണിച്ചിരുന്ന കടിഞ്ഞൂൽ പുത്രസ്ഥാനം ഏസാവിനാണ് ലഭിച്ചത്. മനുഷ്യന്റെ തിരഞ്ഞെടുപ്പല്ല. ജീവദാതാവായ ദൈവത്തിന്റെ സൃഷ്ടിവൈഭവഭാഗമാണ് ജനനാൽ ലഭിക്കുന്നവയെല്ലാം. മക്കൾ രണ്ടു പേരും അധ്വാനിച്ച് ജീവിക്കുന്നു. കടിഞ്ഞൂൽ പുത്രനായ ഏസാവ് നായാട്ടുകാരനും കൃഷിക്കാരനുമായമായപ്പോൾ ഇളയവനായ യാക്കോബ് വീട്ടുജോലികളിൽ വ്യാപൃതനായിരുന്നു. പുറം ജോലിയാൽ സമ്പാദിച്ചുകൊണ്ടുവരുന്നവയാൽ ആകൃഷ്ടനായ ഇസഹാക്ക് ഏസാവിനെ ഇഷ്ടപ്പെട്ടു. വീട്ടുജോലികളിൽ തനിക്ക് സഹകാരിയായ യാക്കോബ് സ്വാഭാവികമായും റബേക്കയുടെ സ്നേഹത്തിന് പാത്രീഭൂതനായി.

മാതാപിതാക്കൻമാർപോലും തങ്ങൾക്കു ലഭിക്കുന്ന നന്മകളെപ്രതി മക്കളെ സ്നേഹിക്കുമ്പോൾ അതു സ്വാർത്ഥതയായി ഭവിക്കുന്നു. അപ്പനും അമ്മയും അവരുടെ സ്നേഹത്തിൽ ജന്മം കൊടുത്ത് മക്കളെ വളർത്തിയെടുക്കേണ്ടതാണ്. എന്നാൽ ഇവിടെ അപ്പനും അമ്മയും മക്കളെ രണ്ടുപേരെയും പങ്കിട്ടെടുക്കുന്നു. ആധുനിക കുടുംബങ്ങളിൽ കാണുന്ന കുടുംബ തകർച്ചയുടെ ആദ്യരൂപം ഇവിടെ കാണുന്നു.

മാതാപിതാക്കൻമാരുടെ തരംതിരിവ് മക്കളുടെ ബന്ധത്തിലും വിപരീത ഫലം ഉളവാക്കുന്നു. അവർ തമ്മിൽ കലഹിക്കുന്നു. ഏസാവിനെ സ്നേഹിച്ച ഇസഹാക്ക് അവനു മാത്രം അനുഗ്രഹം നല്കുന്നതിനായി അവനോടു മാത്രം അതിനുള്ള ഉപാധി നിർദ്ദേശിച്ച് നല്കുന്നു (വേട്ടയിറച്ചി പാകപ്പെടുത്തി നല്കുക). രണ്ടു മക്കളെയും അനുഗ്രഹിക്കുവാൻ കടപ്പെട്ടവൻ അതിന് വിരുദ്ധമായി വർത്തിക്കുമ്പോൾ അമ്മ മറുഭാഗത്ത് നിലയുറപ്പിക്കുന്നു. ഈ ഭിന്നത മക്കൾ തമ്മിലുള്ള ശത്രുതയിലേക്കും, അതിന്റെ ഫലമായി ഒരുവനെ കൊലപാതകത്തിലേക്കും എത്തിക്കുന്നു. ആഗ്രഹിച്ചതെല്ലാം നേടിയെടുത്തെങ്കിലും പിതൃഅനുഗ്രഹം തട്ടിയെടുത്തെങ്കിലും യാക്കോബിന് സ്വഭവനം വിട്ടോടേണ്ടി വന്നു. ഒരു മകനെ മാത്രം പരിഗണിച്ച് വളർത്തിയെങ്കിലും, ഭർത്താവിനെ മരണത്തിലൂടെ നഷ്ടപ്പെടുന്ന അവസ്ഥയിലെത്തിയപ്പോൾ, ഇഷ്ടപ്പെട്ട മകനെയും സ്വഭവനത്തിൽ നിന്നും പറഞ്ഞയയ്ക്കേണ്ട അവസ്ഥ റബേക്കയ്ക്കു വന്നുചേർന്നു. അവസാനം താൻ ഇഷ്ടപ്പെടാതിരുന്ന ഏസാവിനൊപ്പം കഴിയേണ്ടതായും വന്നു. നവദമ്പതികളും മാതാപിതാക്കളും, വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സ്വതന്ത്രചിന്താഗതികളുടെയും സ്ത്രീ പുരുഷസമത്വത്തിന്റെയും തത്ത്വങ്ങളും നവലോക സ്വപ്നങ്ങളും നെയ്ത് കുടുംബബന്ധത്തിന്റെ പവിത്രതയും അതു ബലിവേദിയായി തീർക്കേണ്ടതിന്റെ ആവശ്യകതയും സൗകര്യപൂർവ്വം മറക്കുന്നവരും, അതു ബോധപൂർവ്വം തച്ചുടയ്ക്കുന്നവരും ഏസാവ്-യാക്കോബ് ജീവിത കഥ ധ്യാനിക്കുന്നത് ഉചിതമായിരിക്കും. മാതാപിതാക്കൻമാരുടെ തിന്മയുടെ ഫലം അവരുടെ മക്കളുടെ ജീവിതത്തെ എത്രയോ തിക്തമായി ബാധിക്കുന്നു. ഒരുവനെ ഹൃദയത്താൽ സഹോദര ഘാതകനാക്കി. അപരന് മാതാപിതാക്കൻമാരെയും പിതൃഗൃഹത്തെയും വിട്ട് വിദൂരതയിൽ പരദേശിയെപ്പോലെ കഴിയേണ്ടി വരുന്നു. നേടിയെടുത്ത കടിഞ്ഞൂൽപുത്ര സ്ഥാനവും തട്ടിയെടുത്ത അനുഗ്രഹവും സ്വാർത്ഥത നിറഞ്ഞ മാതൃസ്നേഹവും യാക്കോബിനെ തുണയ്ക്കുന്നില്ല.

അടിസ്ഥാന പ്രമാണങ്ങളും കുടുംബ പവിത്രതയുമെല്ലാം കൈവിട്ട് മക്കളെ സ്വാർത്ഥപരമായി സ്നേഹിച്ച് എല്ലാം അവർക്കായി നല്കിയാലും അവയെല്ലാം ഫലരഹിതമായിരിക്കുമെന്ന് അറിഞ്ഞിരിക്കുക. നേർവഴി കാട്ടേണ്ടവർ മക്കളുടെ നന്മയ്ക്ക് എന്നു കരുതിയാണെങ്കിലും അവർക്കായി അന്യായമായി നേടിയെടുക്കുന്നതൊന്നും നിലനില്ക്കുന്നതല്ലെന്ന് തിരിച്ചറിയുക.

വിശുദ്ധരോടൊപ്പം

# ബലിയായ് നല്കീ നീ...



## വാഴ്ത്തപ്പെട്ട ആർച്ചുബിഷപ്പ് ഓസ്കർ റൊമേറോ

ജിജി പുല്ലത്തിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

“സിസ്റ്റർ കണ്ടോ വീഡിയോ ക്ലിപ്പിങ്ങിൽ നമ്മളു കണ്ട ബിഷപ്പിനേപ്പറ്റിയുള്ള വാർത്ത... നമ്മൾ കണ്ടതല്ലേ സിസ്റ്റർ, കുർബാനയർപ്പണ മധ്യേ അദ്ദേഹത്തെ അക്രമികൾ വെടിവച്ചു വീഴ്ത്തിയത്...

പട്ടാപ്പകൽ പള്ളിയിൽ കയറി കലാപമുണ്ടാക്കിയപ്പോൾ ഒരു പെൺകുട്ടി മണിയടിച്ച് ആളെ കൂട്ടിയത്... എല്ലാവരുടേയും മുഖഭാവങ്ങൾ... വിശ്വാസധീരത... ബിഷപ്പ് കാറിൽ വന്നിറങ്ങിയത്... തിരുവസ്ത്രങ്ങൾ അണിഞ്ഞ് ദൈവാലയത്തിലേക്ക് ബലിയർപ്പിക്കാൻ പോയപ്പോൾ കലാപകാരികളിൽ ഒരാൾ സക്രാരിക്കുനേരെ വെടിയുണ്ട ഉതിർത്തത്...

ആരേയും കൂസാതെ, കുനിഞ്ഞ് എത്ര ആദരവോടും ഭക്തിയോടും കൂടിയാണ് തിരുവോസ്തി എടുത്തത്... പിന്നീടുള്ള ബിഷപ്പിന്റെ പ്രസംഗം... ഇടിവെട്ടുംപോലെ... പിന്നെ... ബലിവേദിയിൽ വച്ച് അക്രമികളിൽ ഒരാളുടെ വെടിയേറ്റ്... ചോരയിൽ കുളിച്ച് മരിച്ചത്”.





കുട്ടികൾക്കുവേണ്ടി പ്രോസാങ്ടിറ്റി ധ്യാനം നടത്തിയ ഇടവകയിൽ ഫോളോഅപ്പിനുവേണ്ടി ചെന്നപ്പോഴാണ് സൺഡേശാലോമിലെ വാർത്ത വായിച്ച തോമസുകുട്ടി വാചാലനായത്. “സാൽവതോറിന്റെ രക്തസാക്ഷിക്ക് വിശുദ്ധിയുടെ പരിവേഷം” അവനതു അനുഭവിക്കുകയാണെന്നു തോന്നിപ്പോയി, അവന്റെ നില്പും മട്ടുമൊക്കെ കണ്ടപ്പോൾ. ഞാൻ പറഞ്ഞു, “സിസ്റ്റർ ഒന്നുകൂടി വീഡിയോ ക്ലിപ്പിങ് കാണിക്കാം”. നിർന്നിമേഷരായി ശ്വാസം അടക്കിപ്പിടിച്ച് ബലിവേദിയിൽ ബലിയായി തീർന്ന അഭിവന്ദ്യപിതാവിന്റെ ജീവിതം ഞങ്ങൾ കണ്ടു... ആദ്യത്തേതുപോലെയല്ല ഈ പ്രാവശ്യം. ആ ധീരരക്തസാക്ഷിയുടെ വീരോചിതമായ വിശ്വാസജീവിതവിശുദ്ധി ഞങ്ങളെ തൊട്ടു... അതിനുശേഷം തോമസുകുട്ടി തന്നെ വാർത്ത വായിക്കാൻ തുടങ്ങി.

“സാൽവതോറിലെ നീതിസൂര്യനായ ആർച്ചുബിഷപ്പ് ഓസ്കാർ റൊമേരോയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ സൂര്യനു ചുറ്റും പ്രഭാവലയം പ്രത്യക്ഷപ്പെട്ടത് വിശ്വാസികളെയും സഭാധികാരികളെയും വിസ്മയിപ്പിച്ചു. അദ്ദേഹത്തിന്റെ നാമകരണച്ചടങ്ങിനൊരുക്കമായി തിരുശേഷിപ്പുകൾ വിശുദ്ധ കുർബാനയ്ക്കു മുമ്പിൽ വണക്കത്തിനു കൊണ്ടുവരവേയാണ് കാർമേഘാവൃതമായ ആകാശത്ത് പെട്ടെന്ന് സോളാർ ഹാലോ പ്രത്യക്ഷപ്പെട്ടത്. വിശുദ്ധന്മാരുടെ ചിത്രങ്ങളിൽ സാധാരണഗതിയിൽ അവരുടെ വിശുദ്ധിയുടെ അടയാളമായി കാണുന്ന തേജസ്സാണ് ഈ പ്രഭാവലയം. വളരെയേറെ കാലം തെറ്റിദ്ധരിക്കപ്പെട്ട അദ്ദേഹത്തിന് അർഹതപ്പെട്ട സ്ഥാനം നിഷേധിക്കുകയും ഒടുവിൽ വത്തിക്കാൻ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുകയും ചെയ്ത സന്ദർഭത്തിൽ പ്രകൃതിയിലുണ്ടായ അത്ഭുതപ്രതിഭാസം ഏവരേയും അതിശയിപ്പിച്ചു.

ഡിക്രി സ്പാനിഷിലേക്കു പരിഭാഷപ്പെടുത്തിയശേഷം ക്വയർഗ്രൂപ്പ് ഗാനമാലപിക്കുമ്പോൾ ഏതാനും ഡീക്കന്മാർ അദ്ദേഹത്തിന്റെ തിരുശേഷിപ്പുമായി എത്തുമ്പോഴായിരുന്നു അത്ഭുതം. വെടിയേറ്റു വീണ ബലിമധ്യേ അദ്ദേഹം ഉപയോഗിച്ച രക്തം പുരണ്ട തിരുവസ്ത്രങ്ങളാണ് തിരുശേഷിപ്പിലുണ്ടായിരുന്നത്. അതുവരെ മഴ തൂകിനിന്ന പ്രകൃതി പെട്ടെന്നു തെളിഞ്ഞു. സൂര്യൻ പ്രത്യക്ഷപ്പെട്ടു. അത്ഭുതകരമായ വിധത്തിൽ സൂര്യനുചുറ്റും പ്രഭാവലയം പ്രത്യക്ഷപ്പെടുകയും ചെയ്തു എന്ന് ദൃക്സാക്ഷികൾ പറയുന്നു. ഇതു പ്രകൃതിയിലെ പ്രതിഭാസമാണെങ്കിലും അദ്ദേഹത്തിന്റെ വാഴ്ത്തപ്പെട്ട പദവി പ്രഖ്യാപനവും തിരുശേഷിപ്പിന്റെ എഴുന്നള്ളത്തും സ്തുതിഗീതങ്ങളും എല്ലാം സമഞ്ജസമായി സമ്മേളിച്ച് ഒത്തുചേരുമ്പോഴാണ് അത്ഭുതം നടന്നത്. 1980 മാർച്ച് 24 നായിരുന്നു നീതിക്കുവേണ്ടി പോരാടിയ ആർച്ചുബിഷപ്പ് റൊമേരോയെ അക്രമികൾ വിശുദ്ധ കുർബാനയർപ്പണത്തിനിടയിൽ വെടിവെച്ചു വീഴ്ത്തിയത്”.

വായന കഴിഞ്ഞപ്പോൾ എല്ലാവരും അദ്ദേഹം വെടിയേറ്റു മരിച്ച ബലിവേദിക്കരുകിൽ എത്തിയതുപോലെ...

ബലിയായ് നല്കിയ ദിവ്യനാഥന്റെ ദിവ്യരഹസ്യ ഗീതം ഞങ്ങൾ ഒന്നുചേർന്ന് ആലപിച്ചു...

ബലിയായ് നല്കീ നീ
നാഥാ, സകലേശാ
നിൻതിരുസൂനുവിനെ
നിർമ്മലമായൊരു ഹൃദയവുമായ്
പാപമകന്ന കരങ്ങളുമായ്
ദിവ്യവിരുന്നിൽ ചേർന്നിടുവാൻ
നിത്യം സന്നിധിയണയുന്നു
വാഴ്ത്തീടാം, നാഥാ നിൻനാമം

(ഏലിയാ സ്ലീവാ മൂശെക്കാലം പ്രോപ്രിയ)



# കൈമാറുന്ന പാരമ്പര്യങ്ങൾ

**ഫാ. ഷിബു പുളിക്കൽ**
കല്യാൺ രൂപത, റെക്ടർ സെന്റ് തോമസ് മൈനർ സെമിനാരി

നേത്രാവതി എക്സ്പ്രസ്സിൽ പനവേലിലേക്കുള്ള യാത്രയിൽ ഉണ്ടായ ഒരു സംഭവമാണ് ഈ കുറിപ്പിനാധാരം. എന്റെ തൊട്ടടുത്തിരുന്ന ആ കുടുംബം വിദേശമലയാളികളാണെന്ന് അവരുടെ സംസാരത്തിൽനിന്നും മനസ്സിലാക്കാം. ഇംഗ്ലീഷും മലയാളവും കൂട്ടിക്കലർത്തിയാണ് അവരുടെ സംസാരം. മുംബെയിൽ അവരുടെ ബന്ധുക്കളുടെ വീട്ടിലേക്കുള്ള യാത്രയാണ്. ഏകദേശം പത്തും ഏഴും അഞ്ചും വയസ്സു തോന്നിക്കുന്ന മൂന്നു കുട്ടികൾ. അവരുടെ മാതാപിതാക്കന്മാരെ കൂടാതെ വല്യപ്പനും വല്യമ്മച്ചിയും അവരുടെ കൂടെയുണ്ട്. കുട്ടികളുടെ കളിയും ചിരിയും കുറുമ്പും യാത്ര രസകരമാക്കിക്കൊണ്ടിരുന്നു. ഉച്ചയ്ക്കുള്ള ഭക്ഷണസമയത്ത് അവർ വീട്ടിൽനിന്ന് ഉണ്ടാക്കിക്കൊണ്ടുവന്നിരുന്ന ഭക്ഷണപൊതികൾ അഴിച്ച് കഴിക്കാനാരംഭിച്ചു.

ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ ഏഴു വയസ്സുകാരൻ പയ്യന്റെ പാത്രത്തിൽനിന്നും ചോറു നിലത്തുവീണു. ഭക്ഷണം കഴിഞ്ഞ ഉടൻ ആ കുട്ടിയെയോട് അവന്റെ അപ്പൻ ആ ചോറുമണികൾ പെറുക്കിയെടുക്കാൻ പറഞ്ഞു. ട്രെയിനിന്റെ ഉള്ളിൽ വീണതാണെന്നോർക്കണം. പയ്യൻ അനുസരണാപൂർവം അതു പെറുക്കിയെടുത്ത് അവർ കൊണ്ടു വന്നിരുന്ന വെയ്സ്റ്റു കൂട്ടിൽ ഇട്ടു. അപ്പോൾ അവന്റെ അപ്പൻ ഇങ്ങനെ പറയുന്നുണ്ടായിരുന്നു: "പീറ്ററപ്പാപ്പൻ ഉണ്ടായിരുന്ന കാലത്ത് ഞങ്ങൾ ഭക്ഷണം കഴിക്കുമ്പോൾ നിലത്തുവീഴുന്നത് എടുത്ത് കഴിപ്പിക്കുമായിരുന്നു. ഭക്ഷണം ദൈവംതന്ന ദാനമാണെന്നും അത് ഒരിക്കലും കളയരുതെന്നും ഓർമ്മിപ്പിച്ചിരുന്നു. ട്രെയിനിലല്ല, മേശയിലാണു വീണിരുന്നതെങ്കിൽ ഞാൻ ഇവനെക്കൊണ്ട് അതു കഴിപ്പിക്കുമായിരുന്നു.". കൈമാറപ്പെടുന്ന പാരമ്പര്യങ്ങൾ... പീറ്ററപ്പാപ്പന്റെ സ്വാധീനം തലമുറകൾ കൈമാറുന്നു.





തൊട്ടപ്പുറത്തിരിക്കുന്ന സീറ്റിലിരുന്ന് കടല തിന്നുന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥി അതിന്റെ പുറത്തെ തൊലി മുഴുവൻ നിലത്തിടുകയാണ്. അവൻ കടല തിന്നുകൊണ്ടേയിരുന്നു. അവൻ ഇരിക്കുന്ന സ്ഥലം മുഴുവൻ കടലയുടെ തൊലി പറന്നുനടക്കുന്നു. ഇതും എവിടെനിന്നോ കിട്ടിയ പാരമ്പര്യംതന്നെ!

പൂനയിലെ ദാപോഡി പള്ളിയിൽ ആയിരിക്കുമ്പോൾ മാതാവിന്റെ ഗ്രോട്ടോയിൽ തിരിതെളിച്ചു പ്രാർത്ഥിക്കുന്ന രണ്ടു കുട്ടികളെ ശ്രദ്ധിക്കാനിടയായി. എല്ലാ ദിവസവും അവർ അവിടെവന്ന് തിരിതെളിച്ചു പ്രാർത്ഥിക്കും. "എന്താ ഇത്ര വലിയ പ്രാർത്ഥന?" എന്റെ ചോദ്യത്തിന് മറുപടി ഇങ്ങനെയായിരുന്നു. അമ്മയാണ് അവരെ പറഞ്ഞുവിട്ടിരിക്കുന്നത്. സാമ്പത്തികമാന്ദ്യം മൂലം അപ്പന് ജോലിക്കു തടസ്സങ്ങളുണ്ട്. മക്കൾപോയി മാതാവിന്റെ അടുത്ത് തിരിതെളിച്ചു പ്രാർത്ഥിക്കണം. അമ്മ ആ മക്കൾക്ക് നല്കിയ മാതൃക തീർച്ചയായും ആ കുട്ടികളുടെ മനസ്സിൽ ജ്വലിച്ചു നില്ക്കും. അവരുടെ ജീവിതത്തിൽ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുമ്പോൾ അവരും ദൈവത്തിൽ ആശ്രയിക്കും എന്നുള്ളതിൽ എന്താ ഇത്ര സംശയം! കൈമാറപ്പെടുന്ന പാരമ്പര്യങ്ങൾക്ക് വളരെ വലിയ ശക്തിയുണ്ട്. വ്യക്തികൾക്ക് വ്യക്തികളെ സ്വാധീനിക്കാൻ കഴിയും. നല്ല പാരമ്പര്യങ്ങൾ എന്നും കൈമാറപ്പെടേണ്ടതാണ്. ജീവിതം ഒരു റിലേ മത്സരമാണ്. ബാറ്റൺ കൈമാറുമ്പോൾ ശ്രദ്ധിക്കണം. അടുത്ത തലമുറയുടെ വിജയം, അവരുടെ നന്മ എന്റെയും നിങ്ങളുടെയും കൈകളിലാണ് എന്ന്.

"നീ എല്ലാവിധത്തിലും സത്പ്രവൃത്തികൾക്കു മാതൃകയായിരിക്കുക" (തീത്തോസ് 2,6).

"പിതാക്കന്മാരേ, നിങ്ങൾ കുട്ടികളിൽ കോപം ഉളവാക്കരുത്. അവരെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തുവിൻ" (എഫേ 6,4).

"എല്ലാ ശിക്ഷണവും സന്തോഷപ്രദമെന്നതിനെക്കാൾ വേദനാജനകമായി തല്ക്കാലത്തേക്കു തോന്നുന്നു. എന്നാൽ, അതിൽ പരിശീലിപ്പിക്കപ്പെട്ടവർക്കു കാലാന്തരത്തിൽ നീതിയുടെ സമാധാനപൂർവകമായ ഫലം ലഭിക്കുന്നു" (ഹെബ്രാ 12,11).

"മകനു ശിക്ഷണം നല്കുക, അവൻ നിനക്ക് ആശ്വാസഹേതുവാകും; നിന്റെ ഹൃദയത്തെ ആശ്വസിപ്പിക്കുകയും ചെയ്യും" (സുഭാ 29,17).

"മകനെ ശിക്ഷണത്തിൽ വളർത്തുന്നവന് അവൻമൂലം നന്മയുണ്ടാകും; സ്നേഹിതരുടെ മുമ്പിൽ അവനെക്കുറിച്ച് അഭിമാനിക്കുകയും ചെയ്യും" (പ്രഭാ 30,2).

"ശിക്ഷണം ലഭിക്കാത്ത പുത്രൻ തന്നിഷ്ടക്കാരനാകും" (പ്രഭാ 30,8)

"മകന്റെ ലജ്ജാകരമായ പ്രവൃത്തികൾ നിമിത്തം ദുഃഖിക്കാതിരിക്കേണ്ടതിന് അവനെ ശിക്ഷണത്തിൽ വളർത്താൻ ശ്രദ്ധിക്കുക" (പ്രഭാ 30,13).



കൂട്ടുകാരേ, സുഭാഷിതങ്ങളുടെ പുസ്തകത്തിലെ ആദ്യ ഒൻപത് അദ്ധ്യായങ്ങൾ വായിച്ചതിനു ശേഷം പദപ്രശ്നത്തിന്റെ ചോദ്യങ്ങൾക്ക് ചുവടെ കൊടുത്തിരിക്കുന്ന കോളത്തിലെ ശരിയായ അക്ഷരങ്ങൾ ചേർത്തുവച്ച് ഉത്തരം കണ്ടെത്തുക.

1. സുഭാഷിതങ്ങളുടെ ഗ്രന്ഥകർത്താവ് ഈ രാജാവിന്റെ മകനാണ്
2. അറിവിന്റെ ഉറവിടം എന്താണെന്നാണ് ഗ്രന്ഥകാരൻ പറയുന്നത്
3. അവയെ നിന്റെ കഴുത്തിൽ ധരിക്കുക. ഹൃദയഫലകത്തിൽ രേഖപ്പെടുത്തുകയും ചെയ്യുക. എന്ത്?
4. ഈ ജീവിയുടെ പ്രവൃത്തി കണ്ട് വിവേകിയാകാൻ ഗ്രന്ഥകാരൻ മടിയനായ മനുഷ്യനെ ഉപദേശിക്കുന്നു.
5. കല്പനയെ ദീപത്തോടുപമിക്കുന്ന ഗ്രന്ഥകാരൻ പ്രകാശത്തോടുപമിക്കുന്നത് എന്തിനെ?
6. പുരുഷനെ കോപാകുലനാക്കുന്നത് എന്താണ്?
7. ജ്ഞാനം വസിക്കുന്ന ഇടം?
8. പരിഹാസകനെ തിരുത്തുന്നവന്റെ പ്രതിഫലമെന്ത്?
9. 'വായാടി' എന്നു ഗ്രന്ഥകാരൻ വിശേഷിപ്പിച്ചിരിക്കുന്നത് എന്തിനെ?

| | | | | |
|---|---|---|---|---|
| ദാ | ഉ | സു | വി | ണ |
| ത | ദോ | ശ്വ | സ് | വി |
| അ | ക് | സ് | ഭ | രം |
| തി | പ | ദ് | ത | യ |
| ശ | കം | രു | എ | വേ |
| ക | കാ | വ | ദേ | ത്തു |
| ദൈ | ശം | പാ | റു | വീ |

പേര്.................................

വയസ്സ്...........................

മേൽ വിലാസം.....................

.....................................

.....................................

.....................................

.........................പിൻ.............



(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - സെപ്റ്റംബർ 30).
**അയയ്ക്കേണ്ട വിലാസം:** പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018

*തയ്യാറാക്കിയത്: സ്റ്റെഫി മംഗലത്തുകുന്നേൽ*









## ബാലനോവൽ – 7

"അപ്പച്ചാ.." എന്താ ആനി?" "ലിയാ ഒറ്റ മോളായിരുന്നത്രേ". "ഇനി അവർക്ക് ആരുണ്ട്?" ആനിയുടെ മനസ്സിൽ ഒരുപാടു ചോദ്യങ്ങൾ ഉയർന്നുവന്നു. അതിനെല്ലാം ഉത്തരം കൊടുക്കാൻ വർക്കിച്ചൻ നന്നേ ക്ലേശിച്ചു. "ഒന്നുമില്ലാത്ത നമ്മളെ ദൈവം ഇത്രമാത്രം വഴി നടത്തുന്നില്ലേ... അതുപോലെതന്നെ എല്ലാവരെയും തമ്പുരാൻ സംരക്ഷിച്ചുകൊള്ളും". വർക്കിച്ചന്റെ വാക്കുകൾ ഉറപ്പേറിയതായിരുന്നു. "നമ്മളെത്ര ഭാഗ്യമുള്ളവരാ അല്ലേ" മിനിയുടെ ചോദ്യത്തിന് വർക്കിച്ചൻ മറുപടി പറഞ്ഞു: "എല്ലാ മനുഷ്യരും ഭാഗ്യമുള്ളവരാ, ദൈവത്തിന്റെ കൃപയും അനുഗ്രഹവും എല്ലാവരുടെയും കൂടെയുണ്ട്. നമ്മൾ അതു തിരിച്ചറിയുക എന്നതാണ് പ്രധാനപ്പെട്ടത്. അപ്പോൾ നമുക്കു സന്തോഷത്തോടെ ജീവിക്കാനാവും".

വർഷങ്ങൾ രണ്ടു കടന്നുപോയി. മേരിയുടെ പ്ലസ് ടു പഠനം ഈ വർഷം തീരുകയാണ്. ജോസുകുട്ടിയും സ്കൂളിൽ പോകാൻ തുടങ്ങി. കഴിഞ്ഞുപോയ കാലം ദൈവം എങ്ങനെ തങ്ങളെ നടത്തിയെന്നോർക്കുമ്പോൾ വർക്കിച്ചന്റെയും മക്കളുടെയും അധരങ്ങളിൽ 'നന്ദി' എന്ന രണ്ടക്ഷരം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇനിയും പഠിക്കാൻ പണമില്ലെങ്കിൽ താൻ എന്തെങ്കിലും ജോലിക്കു പൊയ്ക്കോളാം എന്നായിരുന്നു മേരിയുടെ അഭിപ്രായം. ഏതു വിധേനയും മക്കളെ പഠിപ്പിക്കണമെന്നായിരുന്നു വർക്കിച്ചന്റെ ആഗ്രഹം. പക്ഷേ തന്റെ വർദ്ധിച്ചുവരുന്ന രോഗാവസ്ഥ വർക്കിച്ചന്റെ ഉള്ളിൽ ഭയപ്പാടുളവാക്കി. ദൈവം പരിഹരിച്ചുകൊള്ളും. ഏതു പ്രതിസന്ധിയിലും വർക്കിച്ചനതു തീർച്ചയായിരുന്നു. "അന്നമ്മയുടെ മരണവും വീട്ടിലെ ദുരിതവും, അതിനിടയിൽ വന്ന മാരകരോഗവും എല്ലാറ്റിലും കൈപിടിച്ചു നടത്തിയ ദൈവം.. ദൈവമേ, നിന്റെ വഴികൾ എത്ര നിഗൂഢങ്ങളാണ്... നിന്റെ മുമ്പിൽ നിൽക്കാൻ എനിക്കെന്തു യോഗ്യത..."

കൂട്ടുകാരേ, 'വിശുദ്ധിയുടെ മുത്തുകളിലേക്ക്' നിങ്ങളുടെ രചനകളെയും സ്വാഗതം ചെയ്യുന്നു. നല്ല സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ചെറുകഥകളും കുട്ടിക്കവിതകളും സത്ചിന്തകളും, ഒരു പേജിൽ കവിയാതെ *പ്രതീക്ഷയുടെ പൂമൊട്ടുകൾ*ക്ക് അയച്ചുതരിക. സാധ്യമെങ്കിൽ ഫോട്ടോയും. യോഗ്യമായവ പ്രസിദ്ധീകരിക്കുന്നതാണ്.



# What Fills Our Empty Hands?

**Bro. Naveen Plackalil**
**St. Thomas Minor Seminary, Kurichy**

"Pleasure is the beginning and the goal of a happy life" asserted the Greek thinker Epicurius, who lived in the 3rd century B.C. The epicurean dictum of pleasure seeking and materialism resounds louder in the twenty first century, in the rhythm of revelries from comfort zones provided by the internet, smart phones, 'Apps' for everything and anything and from DJ parties. The unquenchable thirst for material possessions is intricately woven to the human mind. This materialistic outlook is not only typical of the modern era, but was also conceptualised by the Epicureans of Greece, the Hedonists of Rome and the Charvagans of ancient India.


As the greed of the rich for more wealth, more comfort and many "more's" take over the legitimate needs of the poor, the gap between the rich and the poor has widened much. In this social scenario, we directly or indirectly take part in the polarisation of the haves and have-nots. The advent of the new liturgical season of "Elijah-Cross-Moses" blows the clarion for an honest introspection. When the pleasure principle of the world places money and wealth as the goal and end of life, the Church with the zeal of Moses and Elijah teaches that your end is not in your hands.

Every child is born to this world with empty hands and an innocent cry. His days on the earth will be to wipe off his tears and fill in his hands with everything possible. So we fill our granaries with as much as grains, i.e. possessions and wealth. Man does not ever regret looting the possessions of other men so as to fill his granaries. The scripture names him "a fool". "This very night your life is being demanded from you. And things you have prepared, whose will it be then?" (Lk 12:20).

As materialism soars up in the mind, more corrupted becomes the soul. The scripture that pierced the earthly heart of St. Ignatius Leyola to liberate his soul to fly to the endless sky of spirituality still speaks to the material world: "For what will profit them to gain the whole world and forfeit their soul" (Mk 8:34). In this season of Elijah-Cross-Moses let us take a pledge as not to tarnish our souls with covetousness and greed, but to adorn it with the fruits of generosity and self denial.

For a Christian, death is not an end in itself, but it is the passage to next life, the eternal life. Death is an inevitable reality. The ironic similarity between birth and death is that we come to this world and depart from the world with "empty hands". Earthly life is a spiritual journey between birth and death and as pilgrims "straining forward to what lies ahead" (Phil 3:13) let us shed off the extra baggages of our "material possessions".

Wealth is not an evil in itself. But our life should not be simply dictated by the urge for accumulating wealth. For those who live an ordinary Christian life outside the walls of a cloistered monastery shedding away material pleasures does not mean living poor or idle. But we must understand wealth and prosperity in the larger Christian context of sharing and peaceful coexistence. Moreover let not our aim be in amassing wealth of this life alone, but inspired by the gospel advice let us heap up treasures in heaven where "the robbers do not break in and moths do not destroy". So let us not waste our time filling our "empty hands", but strive to fill our souls with everlasting treasures and thereby make an eternal investment.





# നിന്റെ സമയം തീർന്നിരിക്കുന്നു

**വത്സമ്മ മുളവന**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

"രാത്രി കഴിയാറായി, പകൽ സമീപിച്ചിരിക്കുന്നു. ആകയാൽ നമുക്ക് അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധം ധരിക്കാം. പകലിനു യോജിച്ചവിധം നമുക്കു പെരുമാറാം" (റോമാ 13,12).

വെളിപാട് 3-ൽ പറയുന്നു, "ജീവിച്ചിരിക്കുന്നവൻ എന്നാണ് നിന്നെക്കുറിച്ചു പറയുന്നത്. പക്ഷേ, നീ മൃതനാണ്. ഉണരുക. നിന്നിൽ ആസന്നമരണമായി അവശേഷിപ്പിക്കുന്നതിനെ ഉത്തേജിപ്പിക്കുക. നീ ഉണരുന്നില്ലെങ്കിൽ ഞാൻ കള്ളനെപ്പോലെ വരും. ഏതു സമയത്താണു ഞാൻ നിന്നെ പിടികൂടുക എന്നറിയില്ല''. ഇന്നത്തെ മനുഷ്യന് മരണത്തെക്കുറിച്ചോ ആത്മാവിന്റെ രക്ഷയെക്കുറിച്ചോ യാതൊരു ചിന്തയുമില്ല. ആത്മാവിന്റെ നാശത്തിനു വഴി തെളിക്കുന്ന സുഖലോലുപത, മദ്യം, മയക്കുമരുന്ന്, ലൈംഗിക അരാജകത്വം, സമ്പത്തിനും സ്ഥാനമാനങ്ങൾക്കുംവേണ്ടിയുള്ള വഴിവിട്ട യാത്ര തുടങ്ങിയ ജഡത്തിന്റെ വ്യാപാരങ്ങളിൽ ആസക്തനായി മനുഷ്യൻ ജീവിക്കുന്നു. അവന്റെ ചിന്ത ജീവിതം സുഖിക്കാൻവേണ്ടി മാത്രമുള്ളതാണ് എന്നാണ്. "മനുഷ്യൻ വിതയ്ക്കുന്നതുതന്നെ കൊയ്യും. എന്തെന്നാൽ ജഡത്തിനായി വിതയ്ക്കുന്നവൻ ജഡത്തിൽനിന്നു നാശം കൊയ്തെടുക്കും. ആത്മാവിനായി വിതയ്ക്കുന്നവനാകട്ടെ ആത്മാവിൽനിന്ന് നിത്യജീവൻ കൊയ്തെടുക്കും" (ഗലാ 6,8).



ഒരു പുസ്തകത്തിൽ വായിച്ച കഥ, നാം സ്വർഗത്തിൽ നിക്ഷേപം കരുതിവയ്ക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിത്തരുന്നുണ്ട്. അതിന്റെ സാരാംശം ഇതാണ്: ഒരു യുവാവ് വളരെയധികം ധനം സമ്പാദിച്ച് സന്തോഷിച്ചു സുഖിച്ച് ജീവിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ദിവസം മരണദൂതൻ അയാളെ സമീപിച്ചു പറഞ്ഞു: "താങ്കളുടെ ഈലോകജീവിതത്തിലെ സമയം തീരാറായിരിക്കുന്നു. താങ്കളെ കൊണ്ടുപോകാനാണ് ഞാൻ വന്നിരിക്കുന്നത്". മരണം തന്നെ കൊണ്ടുപോകാനായി വന്നിരിക്കുന്നു എന്നു മനസ്സിലാക്കിയ ആ മനുഷ്യൻ താൻ ജീവിച്ചുതുടങ്ങിയിട്ടേയുള്ളുവെന്നും മരണത്തിനായി ഒരുങ്ങിയിട്ടില്ലെന്നും സമയം നീട്ടിത്തരണമെന്നും അപേക്ഷിച്ചു. അയാളുടെ നിർബന്ധത്താൽ മരണദൂതൻ അരമണിക്കൂർസമയം കൂടി അനുവദിച്ചു. ഭയചകിതനായ അയാൾ തന്റെ ഉറ്റസുഹൃത്തിനെ സമീപിച്ചു കാര്യംപറഞ്ഞു. ഒപ്പം രണ്ടു കാര്യങ്ങൾ ചെയ്തുതരണമെന്ന് അപേക്ഷിക്കുകയും ചെയ്തു. സുഹൃത്ത് കാര്യമന്വേഷിച്ചു. അയാൾ പറഞ്ഞു: "നീ എന്റെ ഉറ്റസുഹൃത്തല്ലേ. ഒന്നുകിൽ എനിക്കു ജീവിതം നീട്ടിക്കിട്ടണം. അല്ലെങ്കിൽ മരണത്തിനപ്പുറമുള്ള സൗഭാഗ്യജീവിതം ലഭിക്കാനായി എന്തെങ്കിലും ചെയ്യണം". സുഹൃത്ത് പറഞ്ഞു: "നിനക്കുവേണ്ടി എന്തും ചെയ്യാൻ ഞാൻ തയ്യാറാണ്. പക്ഷേ, ഇതു രണ്ടും ഒരു മനുഷ്യനു ചെയ്യാൻ സാധ്യമല്ല". നിരാശനായ അയാൾ തന്റെ കാമുകിയെ സമീപിച്ച് ഇക്കാര്യങ്ങളെല്ലാം അറിയിച്ചു. സുഹൃത്തിനോട് ചോദിച്ച രണ്ടു കാര്യങ്ങളും ചെയ്തുതരാൻ കാമുകിയോടും അയാൾ ആവശ്യപ്പെട്ടു. പൊട്ടിക്കരഞ്ഞുകൊണ്ട് അവൾ പറഞ്ഞു: ''ഇതു രണ്ടും എനിക്കു സാധ്യമല്ല. ജീവിതം നീട്ടിത്തരാൻ ദൈവത്തിനു മാത്രമേ സാധിക്കൂ. കുഴിമാടം വരെ മാത്രമേ എനിക്കനുഗമിക്കാൻ സാധിക്കൂ. മരണത്തിനപ്പുറമുള്ള ജീവിതം ഭൗമികജീവിതകാലത്തെ പ്രവൃത്തികളെ ആശ്രയിച്ചാണിരിക്കുന്നത്".

അസ്വസ്ഥനും നിരാശനുമായി അയാൾ തിരിച്ചു വീട്ടിലെത്തി. ഒടുവിൽ അയാൾ തനിക്കായി വാരിക്കൂട്ടിയ സമ്പത്തിനെക്കുറിച്ചോർത്തു. അയാൾ സമ്പത്തിനോടായി പറഞ്ഞു: ''അല്ലയോ സമ്പത്തേ, ഇത്രയും വർഷം ഞാൻ ജീവിച്ചതു നിനക്കു വേണ്ടിയല്ലേ? നിന്നെ വാരിക്കൂട്ടാനുള്ള തത്രപ്പാടിൽ ഞാൻ ചെയ്യേണ്ട കടമകളൊന്നും ചെയ്തില്ല. അല്പസമയത്തിനുള്ളിൽ മരണം എന്നെ സമീപിക്കും. അതിനുമുമ്പായി രണ്ടു കാര്യങ്ങൾ എനിക്കു നീ ചെയ്തുതരണം". "നിനക്കെന്താണുവേണ്ടത്, പറയൂ" സമ്പത്ത് ചോദിച്ചു. അയാൾ കാര്യമവതരിപ്പിച്ചു. സമ്പത്തു പറഞ്ഞു: "ഇതു രണ്ടും എനിക്കു സാധ്യമല്ല. എനിക്കു സാധിക്കുന്നതു ഞാൻ ചെയ്യാം. നിന്റെ ശവസംസ്കാരം ആർഭാടമായി നടത്താം, കുഴിമാടംവരെ". സമ്പത്തും അവനെ കൈവെടിഞ്ഞു. മരണദൂതൻ വീണ്ടും എത്തി സമയമായിരിക്കുന്നു എന്നറിയിച്ചു. അയാൾ പേടിച്ചുവിറയ്ക്കാൻ തുടങ്ങി. പെട്ടെന്ന് ഒരു ക്ഷീണിച്ച ശബ്ദം: ''ഞാൻ നിന്നെ സഹായിക്കാം". മനുഷ്യൻ സംശയത്തോടെ ശബ്ദം കേട്ട ഭാഗത്തേക്കു നോക്കി ചോദിച്ചു: "നീ ആരാണ്? എങ്ങനെയാണ് നീ എന്നെ സഹായിക്കുക?" വെള്ളവസ്ത്രം ധരിച്ച അവശനായ ഒരു രൂപം അവന്റെ അടുത്തെത്തി പറഞ്ഞു: "എനിക്കു മാത്രമേ മരണത്തിനപ്പുറം നിനക്കൊരു ജീവിതം തരാനാവൂ. നിന്റെ ജീവിതകാലത്ത് നീ ചെയ്തിട്ടുള്ള ചെറിയ ചെറിയ സത്പ്രവൃത്തികളുടെ ആകെത്തുകയാണു ഞാൻ. ഞാൻ നിന്നെ അനുഗമിക്കാം. നിന്റെ സത്പ്രവൃത്തികൾകൊണ്ട് ഇത്രയുമാകാനേ എനിക്കു സാധിച്ചുള്ളു." ക്ഷീണിച്ചു മെലിഞ്ഞ ആ രൂപം പറഞ്ഞുനിർത്തി.

"ലോകവും അതിന്റെ ദുരാശകളും കടന്നുപോകുന്നു. ദൈവഹിതം പ്രവർത്തിക്കുന്നവൻ എന്നേക്കും നിലനില്ക്കുന്നു" (1 യോഹ 2,17). ഈ ലോകത്തിൽ നാം നേടുന്നതൊന്നും ഇവിടം വിട്ടുപോകുമ്പോൾ കൂടെ കൊണ്ടു

പോകാനാവില്ല. മൃതസംസ്കാരപ്രാർത്ഥനകൾ നമ്മെ ഇതോർമ്മിപ്പിക്കുന്നുണ്ടല്ലോ:

മരണം വരുമൊരുനാൾ
ഓർക്കുക മർത്യാ നീ
കൂടെപ്പോരുംനിൻ
ജീവിതചെയ്തികളും...

ദൂതൻ പ്രാർത്ഥന കേട്ടില്ല
സമയം തെല്ലും തന്നില്ല....

വി. ലൂക്കായുടെ സുവിശേഷം 12-ാം അദ്ധ്യായം 15-ാം വാക്യത്തിൽ ഈശോ ഇപ്രകാരം പറയുന്നുണ്ട്: "ജാഗരൂകരായിരിക്കുവിൻ. എല്ലാ അത്യാഗ്രഹങ്ങളിലുംനിന്ന് അകന്നിരിക്കുകയും ചെയ്യുവിൻ. മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത്".

മൃതിവന്നണയും നാൾവരെയും
നമ്മൾ കരുതിയ ധനമെല്ലാം
കൈവെടിയും നാമന്യർക്കായ്

അമിതമായ സമ്പത്തു ശേഖരിച്ച ഭോഷനായ ധനികൻ തന്റെ ആത്മാവിനോടു പറഞ്ഞു: ആത്മാവേ, അനേക വർഷത്തേക്കു വേണ്ട വിഭവങ്ങൾ നിനക്കായി സംഭരിക്കപ്പെട്ടിരിക്കുന്നു. വിശ്രമിക്കുക, തിന്നുകുടിച്ച് ആനന്ദിക്കുക. എന്നാൽ ദൈവം അവനോടു പറഞ്ഞു: ഭോഷാ, ഈ രാത്രിയിൽ നിന്റെ ആത്മാവിനെ നിന്നിൽനിന്ന് ആവശ്യപ്പെടും. അപ്പോൾ നീ ഒരുക്കിവച്ചിരിക്കുന്നവയെല്ലാം ആരുടേതാകും? ഇതുപോലെയാണ് ദൈവസന്നിധിയിൽ സമ്പന്നനാകാതെ തനിക്കുവേണ്ടി സമ്പത്തുശേഖരിച്ചു വയ്ക്കുന്നവനും" (ലൂക്കാ 12,19-21). പൗലോസ്ശ്ലീഹാ പറയുന്നു: "ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാനകാരണം. ധനമോഹത്തിലൂടെ പലരും വിശ്വാസത്തിൽനിന്നും വ്യതിചലിക്കാൻ ഇടയായിട്ടുണ്ട്" (1 തിമോ 6,10). മരണം കള്ളനെപ്പോലെ വരുന്നു. ജനിച്ചാൽ എല്ലാവരും മരിക്കണമെന്നത് സുനിശ്ചിതമാണ്. എപ്പോൾ, എവിടെവച്ച്, എങ്ങനെ എന്നത് ആർക്കും പ്രവചിക്കാനാവില്ല. മരണത്തിനു സമ്പന്നനെന്നോ പാവപ്പെട്ടവനെന്നോ പണ്ഡിതനെന്നോ പാമരനെന്നോ പദവിയുള്ളവനെന്നോ വ്യത്യാസമില്ല. എന്തെല്ലാം സമ്പാദിച്ചാലും ഒന്നും കൂടെ കൊണ്ടുപോകാൻ സാധിക്കില്ല.

അനുദിനമന്തിമയാത്രയ്ക്കായ്
കരുതിയൊരുങ്ങും നരനല്ലോ
സ്വർഗത്തിൻ ഭാഗ്യം നുകരുന്നു.

ഓരോരുത്തരുടെയും വിളിയും ജീവിതാവസ്ഥയുമനുസരിച്ച് ഓരോരുത്തർക്കും ചില കടമകളും ഉത്തരവാദിത്വങ്ങളുമുണ്ട്. നിത്യവിധിയാളനായ ദൈവത്തിന്റെ മുമ്പിൽ ഒരു ദിവസം നാമെല്ലാവരും നില്ക്കേണ്ടിവരും, അവിടെ നാം വിസ്തരിക്കപ്പെടും. അപ്പോൾ നമ്മുടെ ജീവിതമാകുന്ന പുസ്തകം തുറന്നുവച്ച് നാം കണക്കു കൊടുക്കണം. "മനുഷ്യൻ ഒരു പ്രാവശ്യം മരിക്കണം അതിനുശേഷം വിധി എന്നു നിശ്ചയിച്ചിരിക്കുന്നു" (ഹെബ്രാ 2,29).

"അവന്റെ മുമ്പിൽ ഒരു സൃഷ്ടിയും മറഞ്ഞിരിക്കുന്നില്ല. അവിടുത്തെ കൺമുമ്പിൽ എല്ലാം അനാവൃതവും വ്യക്തവുമാണ്. നാം കണക്കു ബോധിപ്പിക്കേണ്ടതും അവിടുത്തെ സന്നിധിയിലാണ്" (ഹെബ്ര 4,13). "ശപിക്കപ്പെട്ടവരേ" (മത്താ 25,41) എന്ന വിധിവാചകം കേൾക്കാതിരിക്കണമെങ്കിൽ ആവശ്യമായ ഭൗതിക സമ്പത്തു നേടുന്നതിനൊപ്പം നന്മപ്രവൃത്തികളും സുകൃതങ്ങളുമാകുന്ന ആദ്ധ്യാത്മികസമ്പത്തു സമ്പാദിക്കുന്നതിലും നാം ജാഗ്രതയുള്ളവരായിരിക്കണം. സ്വർഗ്ഗത്തിൽ നിക്ഷേപങ്ങൾ കരുതിവച്ചിട്ടുണ്ടങ്കിൽ 'എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ' (മത്താ 25,34) എന്ന വിധി വാചകം നമുക്കു ശ്രവിക്കാനാവും.

വെളിപാട് 3,5 ൽ പറയുന്നു, "വിജയം വരിക്കുന്നവനെ വെള്ളവസ്ത്രം ധരിപ്പിക്കും. ജീവന്റെ പുസ്തകത്തിൽനിന്ന് അവന്റെ നാമം ഞാൻ ഒരിക്കലും മായിച്ചു കളയുകയില്ല". അതുകൊണ്ട് മാനസാന്തരപ്പെടുക. ഇന്നുതന്നെ ഒരു പുതിയ ജീവിതം ആരംഭിക്കുക.





**സമർപ്പിതവർഷം**
**2014 നവംബർ 29–**
**2016 ഫെബ്രുവരി 2**




# ദൈവത്തിന്റെ അടയാളങ്ങൾ തിരിച്ചറിയുക

**ജിസ കൂട്ടിയാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

സമർപ്പിത വർഷത്തിൽ പരിശുദ്ധ പിതാവ് നല്കിയ മറ്റൊരു വലിയ സമ്മാനമാണ് 'സ്ക്രുത്താത്തേ' എന്ന അപ്പസ്തോലിക ആഹ്വാനം. 'സ്ക്രുത്താത്തേ' എന്ന വാക്കിന്റെ അർത്ഥം പരിശോധിക്കുക, സ്കാൻ ചെയ്യുക എന്നൊക്കെയാണ്. ദൈവത്തിന്റെ അടയാളങ്ങൾ തിരിച്ചറിയുക എന്നതാണിതുകൊണ്ടർത്ഥമാക്കുക. 'നീ ഒരടയാളം തരുക' എന്ന ചോദ്യത്തിന് കാലത്തിന്റെ അടയാളങ്ങൾ ഗ്രഹിക്കുക എന്നതായിരുന്നു ഈശോയുടെ മറുപടി (ലൂക്കാ 12,54). സമർപ്പിതരുടെ പ്രത്യേകതയായിരിക്കണം തിരിച്ചറിയാനുള്ള ഈ കഴിവ്. ഇസ്രായേൽ ജനം യാത്രയുടെ ഓരോഘട്ടത്തിലും ദൈവത്തിന്റെ അടയാളങ്ങൾ ദർശിച്ചു (പുറ 40,34-38). ദൈവത്തിന്റെ സാന്നിദ്ധ്യത്തിന്റെ അടയാളമായി മേഘം കാണപ്പെടുന്നു. മേഘം ഉയരുമ്പോൾ ഇസ്രായേൽ ജനം യാത്ര തുടങ്ങും. മേഘം നില്ക്കുമ്പോൾ ഇസ്രായേൽ നില്ക്കും. നിതാന്തമായ ജാഗ്രത ഇവിടെ ആവശ്യമായിരുന്നു. സമർപ്പിതരുടെ ജീവിതത്തിലും ഈ ജാഗ്രത ഉണ്ടായിരിക്കണം. വ്യക്തിപരമായ ജീവിതത്തിലും സഭാജീവിതത്തിലും ഉള്ള ദൈവസാന്നിദ്ധ്യത്തിലേക്കുള്ള ഉണർവ്വാണിത്. ഉണർവ്വുള്ള ജീവിതത്തിന്റെ പ്രത്യേകതകളായി പരിശുദ്ധ പിതാവ് ചില പ്രത്യേകതകൾ എടുത്തു കാണിക്കുന്നുണ്ട്. ഒന്നാമതായി, അത് സുവിശേഷത്തിന്റെ ആനന്ദം നിറഞ്ഞുനില്ക്കുന്ന ജീവിതമാണ്. നമ്മുടെ ജീവിതത്തിൽ ദൈവം രക്ഷയുമായി കടന്നുവന്നു എന്നതാണ് ആ സുവിശേഷം. സമർപ്പിത ജീവിതം ഒരിക്കലും ആത്മീയതയുടെ പരിവേഷമുള്ള ലൗകിക ജീവിതമായിരിക്കരുത്. ആത്മീയത എന്നാൽ അരൂപിയുടെ ഫലങ്ങൾ നിറഞ്ഞുനില്ക്കുന്ന ജീവിതമാണ് (ഗലാ 5,22-23). ഈ ഫലങ്ങൾ നാം അനുഭവിച്ചെങ്കിലേ മറ്റുള്ളവർക്ക് കൊടുക്കാൻ സാധിക്കൂ. സമർപ്പിത ജീവിതം വരാനിരിക്കുന്ന സ്വർഗ്ഗീയ ജീവിതത്തിന്റെ അടയാളമാണ്. ഇസ്രായേലിന്റെ മരുഭൂമിയാത്രപോലെയുള്ള ഒരു മരുഭൂമിയാത്രയാണിത്. പിതാവിന്റെ മുഖം തേടുന്ന യാത്ര, മിശിഹായെ അനുഗമിക്കുന്ന യാത്ര, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന യാത്ര. രണ്ടാമതായി, അത് വിശ്വാസത്തിന്റെ യാത്രയാണ്. ഈ യാത്ര അത്ര സുഖകരമായ ഒന്നല്ല. പ്രകാശവും അന്ധകാരവും മാറിമാറി കടന്നുവരാം. ദൈവസാന്നിദ്ധ്യത്തിന്റെ മേഘം സഭയിൽ ഉയരുകയും താഴുകയും ചെയ്യാം. ദൈവമാണ് സഭയെ നയിക്കുന്നത് എന്ന വിശ്വാസമാണ് നമ്മെ നയിക്കേണ്ടത്. സഭ മനുഷ്യന്റേതല്ല. ദൈവത്തിന്റേതാണ്. അതുപോലെതന്നെ സമർപ്പിതസമൂഹങ്ങളെ നയിക്കുന്നതും ദൈവമാണെന്ന് നാം വിശ്വസിക്കണം. വിശ്വാസത്തിന്റെ അനുസരണമാണ് നാം ജീവിക്കേണ്ടത്.

# അദ്ഭുതം സൃഷ്ടിച്ച ഭാര്യ



സീന ചക്കാലമുറ്റം
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

"എന്നെ മനുഷ്യനാക്കിയത് ഇവളാ സിസ്റ്ററേ..." ഭവനസന്ദർശത്തിനായി ചെന്ന ഞങ്ങളോട് സ്വന്തം ഭാര്യയെ ചൂണ്ടിക്കാട്ടി മത്തായിചേട്ടൻ പറഞ്ഞപ്പോൾ ഞാൻ ആകാംക്ഷയോടെ ചേച്ചിയെ നോക്കി. തെല്ലു ലജ്ജയോടെ, പുഞ്ചിരിയോടെ ചേച്ചി പറഞ്ഞു: "ഇയാൾ വെറുതെ പറയുന്നതാ... എല്ലാം തമ്പുരാന്റെ കൃപ".

"അല്ല സിസ്റ്റേഴ്സ്, എന്റെ ഭാര്യക്ക് അത്ഭുതം സൃഷ്ടിക്കാൻ കഴിവുണ്ടോ എന്ന് എന്റെ ജീവിതകഥ കേട്ടിട്ട് നിങ്ങൾതന്നെ പറയണം" മത്തായിചേട്ടൻ വിടാൻ ഭാവമില്ലായിരുന്നു.

ഞങ്ങളുടെ പ്രോത്സാഹനവുംകൂടിയായപ്പോൾ ചേച്ചി പറഞ്ഞുതുടങ്ങി: "എനിക്കു മദ്യപിക്കാത്ത ഒരാളെ ഭർത്താവായി കിട്ടണമേയെന്ന് വിവാഹത്തെക്കുറിച്ച് ആലോചിക്കാൻ തുടങ്ങിയ അന്നുമുതൽത്തന്നെ ഞാൻ പ്രാർത്ഥിക്കുമായിരുന്നു. എല്ലാ ദിവസവും പരി. കുർബാനയിലും എനിക്കു ഭർത്താവായി ലഭിക്കാൻ പോകുന്ന വ്യക്തിയെ സമർപ്പിച്ചു പ്രാർത്ഥിച്ചിരുന്നു. വിവാഹാലോചനകൾ വന്നുതുടങ്ങി. കാണാൻ വന്നയാളിനെക്കുറിച്ച് വീട്ടുകാർ അന്വേഷിച്ചറിഞ്ഞു. നല്ല സ്വഭാവമുള്ള പയ്യൻ; മുംബൈയിൽ നല്ല ഉദ്യോഗം എന്നൊക്കെയാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. കൂടുതലൊന്നും ആലോചിച്ചില്ല. വിവാഹം നടന്നു.

രണ്ടാഴ്ചയ്ക്കുശേഷം എന്നെയുംകൂട്ടി മുംബൈയിലെത്തി. വീടും നാടും ഉപേക്ഷിച്ച് ആദ്യമായി മുംബൈയിലെത്തിയതിന്റെ ഭയമെന്റെയുള്ളിലുണ്ടായിരുന്നു. ഇപ്പോൾ വരാം എന്നു പറഞ്ഞു പുറത്തുപോയ ചേട്ടനെ കാത്ത് ഫ്ളാറ്റിൽ ഞാനിരുന്നു. സമയം അതിക്രമിച്ചിട്ടും ചേട്ടൻ തിരിച്ചു വരാത്തതിൽ എനിക്ക് ആധിയായി. രാത്രി പതിനൊന്നു മണിയായപ്പോൾ കോളിംഗ് ബെൽ കേട്ട് ഓടിച്ചെന്നു വാതിൽ തുറന്ന ഞാൻ കണ്ടത് മദ്യലഹരിയിൽ സ്വന്തം കാലിൽ നില്ക്കാൻ ശക്തിയില്ലാതെ ആടിയാടി നില്ക്കുന്ന ചേട്ടനെയാണ്. അന്നുവരെ കാണാത്ത ഒരു മുഖം! എന്നോട് ഒന്നും മിണ്ടാതെ മുറിയിൽ കടന്ന് കാലിലെ ചെരിപ്പുപോലും അഴിക്കാതെ ചേട്ടൻ കട്ടിലിലേക്ക് വീണു.

വിവാഹത്തിനു മുമ്പുള്ള എന്റെ പ്രാർത്ഥനകളെല്ലാം വ്യർത്ഥമായിപ്പോയ നിമിഷം! അന്നു രാത്രി ഒരു പോള കണ്ണടയ്ക്കാതെ ചേട്ടന്റെ അടുത്ത് മുട്ടിന്മേൽനിന്നു ഞാൻ കരഞ്ഞു പ്രാർത്ഥിച്ചു. ദൈവം എനിക്കെന്തോ ശക്തി നല്കിയതുപോലെ... നേരം വെളുത്തപ്പോൾ ഒരു പരാതിയും ഞാൻ ചേട്ടനോടു പറഞ്ഞില്ല. എന്റെ ജോലികളൊക്കെ ചെയ്ത് ഞാൻ ചേട്ടനെ ഓഫീസിലേക്ക് അയച്ചു. ചേട്ടൻ പോയ ആ നിമിഷം മുതൽ, ചേട്ടനിനി മദ്യപിക്കാൻ തോന്നരുതേ എന്നു വീണ്ടും ഞാൻ പ്രാർത്ഥിക്കാൻ തുടങ്ങി. എന്നാൽ അന്നും സ്ഥിതി മറ്റൊന്നായിരുന്നില്ല. തുടർന്നുള്ള എല്ലാ ദിവസങ്ങളിലും ഇതാവർത്തിച്ചു. എന്റെ ഭർത്താവ് ഒരു മുഴുക്കുടിയനാണെന്ന് ഞാൻ മനസ്സിലാക്കി. എന്റെ വിഷമങ്ങൾ ഞാൻ മറ്റാരേയും അറിയിച്ചില്ല. എല്ലാം കർത്താവിനോടു മാത്രം പറഞ്ഞു..."

"ബാക്കി ഞാൻ പറയാം സിസ്റ്ററേ..." മത്തായിചേട്ടൻ തുടർന്നു... "ഒരു ദിവസം പതിവിലേറെ ഞാൻ കുടിച്ചു. വീട്ടിൽവന്ന് ബെഡ്റൂമിലെത്തിയ ഉടനെ ഞാൻ വല്ലാതെ ഛർദ്ദിച്ചു. എങ്ങനെയോ ഞാൻ കട്ടിലിലേക്കു വീണു... ഛർദ്ദിച്ചതുകൊണ്ടാവാം മൂന്നുമണിയായപ്പോൾ ഞാൻ ഉറക്കത്തിൽനിന്നെഴുന്നേറ്റു. അപ്പോൾ ഞാൻ കാണുന്നത് കൈവിരിച്ചുപിടിച്ചു പ്രാർത്ഥിക്കുന്ന എന്റെ ഭാര്യയെയാണ്. രാത്രി ഛർദ്ദിച്ചതും മറ്റും എന്റെ ഓർമ്മയിൽ വന്നു. ഭാര്യ എന്റെ മദ്യപാനത്തെക്കുറിച്ച് എന്തെങ്കിലും പറയും എന്ന ജാള്യതയോടെയാണ് ഞാൻ രാവിലെ എഴുന്നേറ്റത്. മുറിയെല്ലാം അവൾ വൃത്തിയാക്കിയിരുന്നു. ഞാൻ എഴുന്നേറ്റതറിഞ്ഞ ഉടനെ അവൾ സന്തോഷത്തോടെ കാപ്പിയുമായി വന്നു. ഞാൻ മദ്യപിച്ചതിനെക്കുറിച്ചോ ഛർദ്ദിച്ചതിനെക്കുറിച്ചോ ഒന്നും അവൾ ഒരു പരാതിയും പറഞ്ഞില്ല. അവളുടെ സ്നേഹത്തിന് ഒരു കുറവും അനുഭവപ്പെട്ടില്ല.

അന്നു ഞാൻ ഒരു തീരുമാനമെടുത്തു. എന്നെ ഇത്രമാത്രം സ്നേഹിക്കുന്ന, ഞാൻ എത്ര തെറ്റു ചെയ്താലും ക്ഷമിക്കുന്ന, എനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന എന്റെ ഭാര്യയെ ഇനി ഞാൻ വേദനിപ്പിക്കില്ല. ഇനി ഞാൻ മദ്യപിക്കില്ല. അന്നു ഞാനെടുത്ത പ്രതിജ്ഞ ഈ 65-ാം വയസ്സുവരെ ഞാൻ പാലിച്ചു; മരണം വരെ പാലിക്കുകയും ചെയ്യും. മദ്യപാനം നിർത്താൻ ഒരു ധ്യാനത്തിലും ഞാൻ കൂടിയില്ല. എന്റെ ഭാര്യയാണ് എന്നെ മാനസാന്തരപ്പെടുത്തിയത്" മത്തായിചേട്ടൻ പറഞ്ഞുനിർത്തി.

"ഭർത്താവിനെ ബഹുമാനിക്കുന്ന ഭാര്യയെ സകലരും വിവേകമതിയായി കാണും" (പ്രഭാ 26,26). സ്വന്തം ഭർത്താവ് എത്ര മദ്യപാനിയായാലും കൊള്ളരുതാത്തവനായാലും അയാളെ സ്നേഹിക്കാനും ബഹുമാനിക്കാനും മടിക്കാത്ത എത്ര സ്ത്രീകളുണ്ട് ഈ ലോകത്ത്! സ്വന്തം ഇഷ്ടംനോക്കി ജീവിക്കുന്ന സ്വാർത്ഥമതികളാണോ ഇന്നത്തെ അമ്മമാർ എന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. പ്രിയപ്പെട്ട അമ്മമാരേ, നിങ്ങളുടെ വീടു സ്വർഗമാക്കാൻ നിങ്ങൾക്കാണു കഴിയുക. കുടുംബത്തിൽ വെളിച്ചമാകാൻ, തിന്മകളെ തച്ചുടയ്ക്കാൻ, ആത്മാവിന്റെ ദാനത്തിനായി തീക്ഷ്ണതയോടെ പ്രാർത്ഥിക്കുക. ഭർത്താവും മക്കളും ദുശ്ശീലങ്ങൾക്കടിമപ്പെട്ടവരാണെങ്കിൽ അവർ അതിൽനിന്ന് വിമുക്തിനേടാൻ ത്യാഗത്തോടെയുള്ള നിങ്ങളുടെ ജീവിതം കാരണമാകട്ടെ.

ഒപ്പം ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരുടെ കണ്ണീർ നിങ്ങൾ കണ്ടില്ലെന്നു നടിക്കരുത്. കൈവിരിച്ചുള്ള അവരുടെ പ്രാർത്ഥനയ്ക്ക് സമ്മാനം കൊടുക്കേണ്ടത് നിങ്ങളുടെ ജീവിതം കൊണ്ടാണ്. കുടുംബം സ്വർഗമാക്കാൻ, സന്തോഷവും സമാധാനവും നിറഞ്ഞ അന്തരീക്ഷം കുടുംബത്തിൽ സൃഷ്ടിക്കാൻ ദുശ്ശീലങ്ങളിൽനിന്നു വിമുക്തി നേടാം. ആത്മാവിന്റെ ശക്തിയാൽ ജീവിതകടമകൾ സധൈര്യം നിറവേറ്റി പുതിയ ഒരു ലോകം പടുത്തുയർത്താം.

# സെനക്കിൾ തരംഗം

**സന്ദേശം**

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിൽ ഏലിയാ-സ്ലീവാ-മൂശെക്കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. മിശിഹായിലുള്ള നമ്മുടെ ജീവിതത്തിന്റെ അന്ത്യാത്മകമാനമാണ് ഈ കാലഘട്ടത്തിലെ പ്രധാനപ്പെട്ട ചിന്താവിഷയം. മിശിഹായുടെ രണ്ടാം ആഗമനവും സ്ലീവായുടെ മഹത്ത്വവും ഈ കാലഘട്ടത്തിൽ പ്രത്യേകം അനുസ്മരിക്കപ്പെടുന്നു. തന്റെ ഇഹലോകജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ, തന്റെ വേർപാടിൽ ദുഃഖിതരായ ശിഷ്യന്മാരോട് ഈശോ പറഞ്ഞു: "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഇല്ലായിരുന്നെങ്കിൽ നിങ്ങൾക്കു സ്ഥലമൊരുക്കാൻ പോകുന്നുവെന്ന് ഞാൻ നിങ്ങളോടു പറയുമായിരുന്നോ? ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിനു ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും" (യോഹ 1,1-3). തന്റെ പീഡാനുഭവമരണോത്ഥാനങ്ങളിലൂടെ അവിടുന്ന് നമുക്കായി ഒരുക്കിയ സ്വർഗീയഭവനത്തിൽ അവിടുത്തോടൊപ്പം മഹത്ത്വത്തിൽ ആയിരിക്കാൻ അവിടുന്നു വന്ന് നമ്മെ കൂട്ടിക്കൊണ്ടു പോകുമെന്ന പ്രതീക്ഷയാണ് സഹനബദ്ധമായ ഈലോകജീവിതത്തെ നേരിടുവാൻ നമ്മെ പ്രാപ്തരാക്കുന്നത്. അജപാലനതലങ്ങളിലുണ്ടാകുന്ന എല്ലാ ബുദ്ധിമുട്ടുകളും സഹനങ്ങളും സന്തോഷത്തോടെ നേരിടുവാൻ നമ്മെ പ്രാപ്തരാക്കുന്നതും മറ്റൊന്നുമല്ല. സ്ലീവായുടെ മഹത്ത്വത്തിൽ പങ്കുചേരുവാൻ കഴിയുമെന്ന പ്രത്യാശയിൽ മിശിഹായുടെ പുരോഹിതശുശ്രൂഷ നിർവഹിക്കുവാൻ എലിയാ-സ്ലീവാ-മൂശെക്കാലം നമുക്കു പ്രചോദനമാകട്ടെ!

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

**വാർത്തകൾ**

2015 ജൂൺ 22-24 തീയതികളിൽ അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ മീറ്റിംഗ് റോമിൽവച്ചു നടന്നു. ജനറൽ സെക്രട്ടറി ബഹു. ജോസഫ് ചാലാശ്ശേരിയച്ചൻ ഒഴികെ മറ്റെല്ലാ അംഗങ്ങളും മീറ്റിംഗിൽ സന്നിഹിതരായിരുന്നു. കോൺസ്റ്റിറ്റ്യൂഷൻ കമന്ററി, ഡിറക്ടറി, സൊദാലെസ് വൈദികരുടെ തുടർപരിശീലന പരിപാടി, അപ്പസ്തോലിക് സൊദാലെസ് വൈദികരുടെ പ്രാർത്ഥനാപുസ്തകം എന്നിവയെല്ലാം മീറ്റിംഗിൽ ചർച്ച ചെയ്യപ്പെട്ടു. പ്രാർത്ഥനാപുസ്തകത്തിന് അന്തിമരൂപം നല്കി. സമർപ്പിതവർഷത്തിൽ ദേശീയതലത്തിൽ ഒരു സമർപ്പിതസംഗമം നടത്തി സമർപ്പണജീവിതത്തോടുള്ള ആഭിമുഖ്യം നവീകരിക്കണമെന്ന് ജനറൽ കൗൺസിൽ നിർദ്ദേശിച്ചിട്ടുണ്ട്. മാക്സിമലിസത്തിന്റെ ഫെഡറേഷൻ മീറ്റിംഗ് ജൂൺ 27 നു നടന്നു. പ്രോസാങ്ടിറ്റി മൂവ്മെന്റിന്റെ അന്തർദ്ദേശീയ ഭരണഘടനയും പ്രവർത്തനങ്ങളും വിലയിരുത്തുകയും വേണ്ടുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. ജനറൽ മേജർ ഫാദർ ബഹു. മാത്യു വെള്ളാനിക്കലച്ചൻ ഈ മീറ്റിംഗുകളിൽ സംബന്ധിക്കുകയും അതേത്തുടർന്ന് ഇറ്റലിയിലെ സൊദാലെസ് അച്ചന്മാരെ സന്ദർശിക്കുകയും ചെയ്തു. 2015 ഓഗസ്റ്റ് 24 മുതൽ 31 വരെ ഇറ്റലിയിൽ ജനോവായ്ക്കടുത്തുള്ള 'ബെൽപിയാനോ'യിൽ വച്ചു നടക്കുന്ന സൊദാലെസ് വൈദികരുടെ വാർഷികസമ്മേളനത്തിലും ജനറൽ കൗൺസിൽ മീറ്റിംഗിലും സംബന്ധിക്കുന്നതിന് ബഹു. ജനറാളച്ചൻ ഓഗസ്റ്റ് 19 ന് ഇറ്റലിക്കു പോയി. എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.







# എന്തേ ഇങ്ങനെ?

**ഫിലോ കുറ്റിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ഒരിക്കൽ രോഗാവസ്ഥയിൽ ആശുപത്രിയിൽ ആയിരുന്ന ഒരു വല്യമ്മച്ചിയെ കാണാൻ ഇടയായി. അമ്മച്ചി തീർത്തും അവശയായിരുന്നു. മക്കളും മരുമക്കളും ബന്ധുക്കളും മിത്രങ്ങളും എല്ലാവരും അടുത്തുണ്ട്. അമ്മച്ചി മരിക്കാറായിരിക്കുന്നു. സീരിയസാണ് എന്നറിയിച്ചതിന്റെ പേരിൽ ഓടിക്കൂടിയവർ. അമ്മച്ചിയുടെ അടുത്തു ചേർന്നുനിന്നുകൊണ്ട് അല്പം പ്രാർത്ഥിച്ചു. അപ്പോൾ പുറകിൽനിന്നും ഒരു ചോദ്യം കേട്ടു. എല്ലാം ഒരുങ്ങിയിരുന്ന വല്യമ്മച്ചിക്ക് മരിക്കാൻ ഇത്ര ബുദ്ധിമുട്ടാണോ അമ്മേ? കൊച്ചുമകന്റെ ചോദ്യമായിരുന്നു അത്. കാരണം അമ്മച്ചി മുണ്ടും ചട്ടയുമൊക്കെ തേച്ചുവച്ചിട്ടുണ്ട്. അച്ചനെ വിളിച്ചുവരുത്തി കുമ്പസാരിച്ചു. കുർബാന കൈക്കൊണ്ടു. ഇങ്ങനെയൊക്കെ മരണത്തിനായി ഒരുങ്ങുന്നത് കൊച്ചുമകൻ കണ്ടതാണ്. ഒന്നു മരിച്ചിരുന്നെങ്കിൽ ഗംഭീരമായ ഒരു ശവമടക്കു നടത്താമായിരുന്നു എന്ന മട്ടിലാണ് മക്കളുടെയും കൊച്ചുമക്കളുടേയും നിൽപ് (അമ്മച്ചിയുടെ അസുഖം പെട്ടെന്നു കുറഞ്ഞു. കാരണം സോഡിയം പോലെയുള്ള ചില വൈറ്റമിൻസിന്റെ കുറവായിരുന്നു).

പ്രായമായ പലരുടെയും അവസ്ഥ ഇതുതന്നെയല്ലേ? ആകാവുന്ന കാലത്ത് തങ്ങളുടെ ചോരയും നീരും നൽകി വളർത്തിയ മക്കൾതന്നെയാണു പലപ്പോഴും ഇവർ ഒന്നു മരിച്ചുകിട്ടാൻ ആഗ്രഹിക്കുന്നത്. കാരണം ആർക്കും സമയമില്ല. അസുഖമായി ദിവസങ്ങളോളം മാസങ്ങളോളം കിടപ്പായാൽ ആരു നോക്കും! അമേരിക്കയിലുള്ള മകന് ജോലി കളഞ്ഞുവരാൻ പറ്റുമോ? പഠിപ്പിച്ചു വലുതാക്കി നല്ലൊരു ജോലിസാദ്ധ്യതയും ആക്കിക്കൊടുത്ത് മറ്റൊരു ഭവനത്തിലേക്കു പറഞ്ഞുവിട്ട മകൾക്ക് അമ്മയുടെ അടുത്തായിരിക്കാൻ പറ്റുമോ? അപ്പോൾപിന്നെ മരണമാണ് കരണീയം. കമ്പ്യൂട്ടറിന്റെ മുമ്പിൽ മണിക്കൂറുകൾ ചെലവഴിക്കാൻ കൊച്ചുമകനു സമയമുണ്ട്. മൊബൈലിൽ മണിക്കൂറുകൾ കളിക്കാൻ കൊച്ചുമകൾക്കും സമയമുണ്ട്. പാർട്ടിക്കു പോകാനും ക്ലബിൽ പോകാനും സീരിയലിനും സിനിമയ്ക്കും മുമ്പിൽ മണിക്കൂറുകൾ ഇരിക്കാനും മകൾക്കും മരുമകൾക്കും സമയമുണ്ട്. പക്ഷേ പ്രായമായവരോട് അല്പം സംസാരിക്കാൻ, ഒരാശ്വാസം കൊടുക്കാൻ ആർക്കും സമയമില്ല. 'പഴുത്തില വീഴുമ്പോൾ പച്ചില ചിരിക്കും' എന്നൊരു ചൊല്ലുണ്ട്. അതിനും ആ സ്ഥിതിതന്നെ വന്നുചേരുമെന്ന് പാവം പച്ചിലയ്ക്ക് അറിയില്ലല്ലോ.. പഠിപ്പും അറിവും വിശേഷബുദ്ധിയും ഉള്ള നമുക്കറിയാം പഴുത്ത ഇലയുടെ സ്ഥിതി തന്നെയാണു നമുക്കും വരാൻ പോകുന്നതെന്ന്. എന്നിട്ടും നാമെന്തേ ഇങ്ങനെ? മരണമെന്ന സത്യത്തെ മുമ്പിൽ കാണുമ്പോഴും ഒരിക്കലും മരണമില്ലാത്തവരെപ്പോലെ നാം കടന്നുപോകുന്നു. എന്തേ ഇങ്ങനെ? ഈ ലോകം വിട്ടുപോകുമ്പോൾ ഒന്നും കൊണ്ടുപോകാൻ സാധിക്കില്ല എന്നു നമുക്കറിയാം. എങ്കിലും സമ്പത്തു വാരിക്കൂട്ടാൻ നാം തത്രപ്പെടുന്നു. എന്തേ ഇങ്ങനെ? സൗന്ദര്യം എന്നേക്കും നിലനില്ക്കുന്നതല്ല എന്നറിയാമെങ്കിലും സൗന്ദര്യവർദ്ധക സാധനങ്ങളും ബ്യൂട്ടി പാർലറുകളും തേടിയലയുന്നു. എന്തേ ഇങ്ങനെ? ..... തലമുടി കറുത്തതായാലും വെളുത്തതായാലും സ്വർണ്ണക്കളറായാലും തമ്പുരാന്റെ മുമ്പിൽ ഒരുപോലെയാണെന്നു നമുക്കറിയാം. എന്നിട്ടും മുടിയുടെ കളറു മാറ്റാൻ നാം ഓടിനടക്കുന്നു. എന്തേ ഇങ്ങനെ?....എന്തേ ഇങ്ങനെ? "നിങ്ങളുടെ മുടിനാരിഴകൾപോലും എണ്ണപ്പെട്ടിരിക്കുന്നു" (ലൂക്കാ 12:7). "നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും..." (മത്താ 6:33-34).



# അപൂർണതകളെ മറക്കുന്ന സ്നേഹം

**ഷിനി തെരേസ് മുതുപ്ലാക്കൽ**

കാലം തന്നെ ഒരു അദ്ധ്യാപകനായി കാണണമെന്നാഗ്രഹിച്ച് കാലത്തിനതീതനായി കടന്നുപോയ ഡോ. അവുൽ പകിർ ജൈനുലബ്ദീൻ അബ്ദുൾ കലാമിന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ... ജീവിതസാഹചര്യങ്ങളും ചുറ്റുപാടുകളും കുടുംബവുമെല്ലാം കലാലയമായിക്കണ്ട ഡോ. കലാം തന്റെ ജീവിതത്തിലെന്നും ചേർത്തുപിടിച്ചിരുന്ന തന്റെ പിതാവിന്റെ വാക്കുകൾ അനുസ്മരിക്കുന്നതിപ്രകാരമാണ്. “ഒരു പകൽ മുഴുവൻ നീണ്ട അധ്വാനത്തിനുശേഷമാണ് അന്ന് അമ്മ അത്താഴമുണ്ടാക്കാനൊരുങ്ങിയത്. ക്ഷീണം കാരണം അമ്മ റൊട്ടിയുണ്ടാക്കിയത് കരിഞ്ഞുപോയിരുന്നു. ആ റൊട്ടിയാണ് അന്ന് അത്താഴത്തിനു കഴിക്കാനായി പിതാവിന്റെ മുമ്പിൽ വച്ചത്. ആ കരിഞ്ഞ റൊട്ടി ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ എന്നു ഞാൻ ഉറ്റു നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. എന്നാൽ, അദ്ദേഹമാകട്ടെ അന്നത്തെ എന്റെ സ്കൂൾ ദിവസത്തെക്കുറിച്ചു ചോദിച്ചുകൊണ്ട് ആ കരിഞ്ഞുപോയ റൊട്ടി മുഴുവനും കഴിച്ചു തീർത്തു.

അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്ക് ഞാൻ എന്തു മറുപടി പറഞ്ഞു എന്നോർമ്മിക്കുന്നില്ല. എന്നാൽ, അന്നു രാത്രി റൊട്ടി കരിഞ്ഞുപോയതിന് അമ്മ അദ്ദേഹത്തോടു മാപ്പു ചോദിക്കുന്നതു ഞാൻ കേട്ടിരുന്നു. അദ്ദേഹത്തിന്റെ മറുപടി ജീവിതത്തിലൊരിക്കലും മറക്കാനാവില്ല. കരിഞ്ഞ റൊട്ടി തനിക്കൊരുപാട് ഇഷ്ടമാണെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അന്നു രാത്രി അച്ഛന്റെ അടുക്കൽ ചെന്ന് അദ്ദേഹത്തിനു ശരിക്കും കരിഞ്ഞ റൊട്ടി ഇഷ്ടമാണോ എന്നു ഞാൻ ചോദിച്ചു. എന്നെ വാരിയെടുത്തുകൊണ്ട് അദ്ദേഹം പറഞ്ഞു.

നിന്റെ അമ്മ ഒരു പകൽ മുഴുവൻ കഠിനമായ ജോലികൾ ചെയ്ത് ആകെ തളർന്നിരുന്നു. ഒരു കരിഞ്ഞ റൊട്ടിക്ക് ആരെയും വേദനിപ്പിക്കാനാവില്ല. പക്ഷേ പരുഷമായ വാക്കുകൾകൊണ്ട് ഒരാളെ കരയിപ്പിക്കാൻ കഴിയും. മകനേ, അപൂർണതകൾ നിറഞ്ഞതാണ് ജീവിതം. അപൂർണരാണ് മനുഷ്യരും”.

നിരവധിയായ നേട്ടങ്ങൾക്കുപരി മനുഷ്യഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടത്തക്കവിധം കൊച്ചു കലാമിന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തിയതിൽ അദ്ദേഹത്തിന്റെ മാതാപിതാക്കൾക്കുള്ള പങ്ക് നിസ്സാരമല്ല. തന്റെ ജീവിതയാത്രയിലെ വഴിവെളിച്ചങ്ങളെ അദ്ദേഹം നന്ദിയോടെ അനുസ്മരിക്കുന്നുമുണ്ട്. തന്റെ പിതാവിന്റെ ജീവിതവും വാക്കുകളും പ്രവൃത്തികളും, അമ്മയുടെ സ്നേഹവും ത്യാഗവും പ്രാർത്ഥനയും പരിഗണനയുമെല്ലാം കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെയാണ് അദ്ദേഹം അനുസ്മരിച്ചിരുന്നത്.

സ്നേഹത്തിന്റെ വിവിധ വശങ്ങൾ പഠിപ്പിച്ച മിശിഹായെ അനുഗമിക്കുന്നവരെന്നു അഭിമാനിക്കുന്ന നമ്മുടെ ക്രിസ്തീയകുടുംബങ്ങളിൽ, മേൽപ്പറഞ്ഞ സംഭവം യാഥാർത്ഥ്യമായാലുണ്ടാകുന്ന പ്രതികരണങ്ങളെപ്രകാരമായിരിക്കും? അതു പലവിധമാകാനാണ് സാധ്യത. യഥാർത്ഥ ആത്മീയത കൈവശമുള്ളവനുമാത്രമേ ക്രിയാത്മകമായി പ്രതികരിക്കാനാവൂ. ജീവിതപങ്കാളികൾ അപൂർണതകൾ ഉള്ളവരാണെന്നും പൂർണത ദൈവത്തിനു മാത്രം അവകാശപ്പെട്ടതാണെന്നും ചിന്തിച്ചാൽ ക്ഷമ എളുപ്പമായിത്തീരും.

ദൈവസ്നേഹത്തിൽനിന്നുരുത്തിരിയുന്ന പരസ്നേഹത്തിനു മാത്രമേ നിലനില്പ്പുള്ളു. ഇവിടെയാണ് കുടുംബപ്രാർത്ഥനയുടെ ആവശ്യകത ഉരുത്തിരിയുന്നത്. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു നിലനില്ക്കും. ദൈവത്തെ കുടുംബത്തിന്റെ കേന്ദ്രസ്ഥാനത്തുനിന്നുമാറ്റിയാൽ, അതല്ലെങ്കിൽ ദൈവത്തെ മറന്നുകൊണ്ട് നേട്ടങ്ങൾക്കുപിന്നാലെ ഓടിയാൽ ആത്യന്തികമായി ലഭിക്കുന്നത് നഷ്ടങ്ങളായിരിക്കും. തങ്ങളുടെ കുട്ടികളെ ‘കലാം’ ആക്കാനായി ഞായറാഴ്ച കുർബാനയും മതബോധനവുമൊക്കെ ഉപേക്ഷിച്ച് എൻട്രൻസ് കോച്ചിംഗിനും മറ്റു കാര്യങ്ങൾക്കുമായി പറഞ്ഞുവിടുന്നവർ അവസാനം അവരുടെ ജീവിതം കലം പോലെ ഉടയുന്ന കാഴ്ച കാണേണ്ടി വരുന്ന കാലം കടന്നുവരുന്നു; അല്ല, കടന്നുവന്നു കഴിഞ്ഞു. അതിന്റെ അനുരണങ്ങളാണല്ലോ ഇന്ന് പല കുടുംബങ്ങളിലും സമൂഹത്തിലും അരങ്ങേറിക്കൊണ്ടിരിക്കുന്നത്. മതപരമായ പഠനങ്ങൾ ഉപേക്ഷിച്ചുകൊണ്ടല്ല ഡോ. കലാം ഉയരങ്ങളിലെത്തിയത് എന്നു നാം ഓർക്കണം. ഈശ്വരവിശ്വാസവും മൂല്യങ്ങളും മാതാപിതാക്കൾ അദ്ദേഹത്തിനു കൈമാറിയിരുന്നു. “ദൈവഭയം ഇല്ലാത്ത മക്കൾ ഉണ്ടാകുന്നതിനെക്കാൾ ഭേദം അനപത്യനായി മരിക്കുന്നതാണ്” (16,3) എന്ന് പ്രഭാഷകൻ പറയുന്നു. മക്കൾ നല്ലവരാകുന്നതിലും മോശമാകുന്നതിലും മാതാപിതാക്കളുടെ സ്വാധീനം വലുതാണ്.

മാതൃകാപരമായ ജീവിതം നയിക്കുന്ന ചുരുക്കം ചില കുടുംബങ്ങളിലെ കുട്ടികൾ വഴിതെറ്റുന്നുണ്ടെന്നത് വിസ്മരിക്കുന്നില്ല. പ്രകാശത്തിലായിരിക്കുമ്പോഴും കണ്ണടച്ച് ഇരുട്ടാക്കുന്ന ഇക്കൂട്ടരോട് തിരുവചനം ഇപ്രകാരം പറയുന്നു: “ഭോഷന്മാർ ജ്ഞാനത്തെയും പ്രബോധനത്തെയും പുച്ഛിക്കുന്നു. ദുഷ്ടസമ്പർക്കം വെടിയുക. മകനേ, നിന്റെ പിതാവിന്റെ പ്രബോധനം ചെവിക്കൊള്ളുക; മാതാവിന്റെ ഉപദേശം നിരസിക്കരുത്. അവ നിന്റെ ശിരസ്സിനു വിശിഷ്ട ഹാരവും കഴുത്തിന് പതക്കങ്ങളുമത്രേ” (സുഭാ 1,7-9). “കുട്ടികളേ, എല്ലാക്കാര്യങ്ങളിലും നിങ്ങളുടെ മാതാപിതാക്കന്മാരെ അനുസരിക്കുവിൻ. ഇതു കർത്താവിനു പ്രീതികരമത്രേ” (കൊളോ 3,20).

സ്വപ്നം കാണാൻ പഠിപ്പിച്ച കലാം ജീവിതത്തിന് ഒരു ലക്ഷ്യബോധമുണ്ടായിരിക്കണം എന്ന് കുട്ടികളെ ഉദ്ബോധിപ്പിച്ചിരുന്നു. അതു പക്ഷേ, ഈലോകജീവിതത്തിലെ നേട്ടങ്ങളിൽമാത്രം ഒതുങ്ങുന്നതാവരുത്. നമ്മുടെ ആരംഭം ദൈവത്തിൽനിന്നാണ്. അവസാനവും ദൈവത്തിലായിരിക്കണം. വരുംജീവിതത്തിലേക്കു വേണ്ട സമ്പാദ്യങ്ങൾ ശേഖരിക്കുന്നതിൽ നാം ഉത്സുകരാവണം. അതിനുള്ള കൃപയ്ക്കായി സഭാമാതാവിനോടു ചേർന്നു നമുക്കും പ്രാർത്ഥിക്കാം:

*കർത്താവായ ദൈവമേ, ഈ ജീവിതത്തിന്റെ അഴകും സമ്പത്തുമെല്ലാം താല്ക്കാലികമാണെന്നു ഞങ്ങൾ അറിയുന്നു. സകലരെയും നിഹനിക്കുന്ന മരണത്തോടെ അവയെല്ലാം ശൂന്യമായിത്തീരുന്നു. ആകയാൽ മുകളിലുള്ളതു വിചാരിച്ചുകൊണ്ട് ജീവിതം ഫലപ്രദമാക്കുവാൻ ഞങ്ങളെ സഹായിക്കണമേ, ആമ്മേൻ.* (ഏലിയാ-സ്ലീവാ-മൂശെക്കാലം, റംശ)

വിചാരണ

# വിശ്വാസം അപകടത്തിൽ!!!

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

സ്വാതന്ത്ര്യദിനപ്പുലരിയിൽ ശ്രദ്ധയിൽപ്പെട്ട ഒരു നോട്ടീസ് ആ ദിനത്തിന്റെ സർവ ചൈതന്യവും ചോർത്തിക്കളയുന്ന ഒന്നായിരുന്നു. ഒന്നാം പ്രമാണത്തിനെതിരായതിനാൽ ക്രിസ്ത്യാനികൾ ഓണാഘോഷം നടത്തുകയോ പൂക്കളമിടുകയോ ചെയ്യരുത് എന്നതായിരുന്നു ആ നോട്ടീസിന്റെ ഉള്ളടക്കം. അസാധുവെന്ന് സഭയിലെ പണ്ഡിതന്മാർ സ്ഥാപിച്ചിട്ടുള്ള ഒരു സൂനഹദോസിന്റെ തീരുമാനവും ക്രിസ്ത്യാനികളുടെ ഓണാഘോഷത്തിനെതിരായി അതിൽ ഉദ്ധരിച്ചിട്ടുണ്ട്. കൂടാതെ കോട്ടയം ജില്ലയിലെ ഒരു ധ്യാനകേന്ദ്രത്തിൽനിന്നും ഓണാഘോഷത്തിനെതിരെ വിശ്വാസികളെ പ്രബോധിപ്പിക്കുകയും ചെയ്തെന്നു കേൾക്കുന്നു. പ്രബോധിപ്പിക്കുക മാത്രമല്ല, ഏതെങ്കിലും പള്ളിയിൽ വികാരിയച്ചൻ ഓണാഘോഷം നടത്തണമെന്ന് ആവശ്യപ്പെട്ടാൽ അത് അനുസരിക്കരുതെന്നുകൂടി നിർദേശിച്ചിട്ടുണ്ടത്രെ! വികാരിയച്ചന്മാരെ വെറും കൂദാശത്തൊഴിലാളികളായി കാണുകയും ധ്യാനഗുരുക്കന്മാരെ സർവകൃപകളുടെയും ഉറവിടമായി പരിഗണിക്കുകയും ചെയ്യുന്ന കുറേ വിശ്വാസികൾക്കെങ്കിലും ഈ നിർദേശം സ്വീകാര്യമായിട്ടുണ്ടാകാം.

വിദേശീയരിൽനിന്ന് രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയ അപ്പോൾത്തന്നെ നമ്മുടെ രാജ്യം മതത്തിന്റെപേരിൽ രണ്ടായി മുറിച്ച് നാം സങ്കുചിതത്വത്തിന്റെ അടിമകളാണെന്ന് അന്നു തന്നെ തെളിയിച്ചതാണ്. കാലമിത്രയും കഴിഞ്ഞപ്പോൾ ആ സങ്കുചിത മനോഭാവത്തിൽനിന്ന് എല്ലാവരെയും ഉൾക്കൊള്ളുന്ന വിശാല മനസിലേക്ക് വളരുന്നതിനു പകരം വർഗീയതയുടെയും വിഭാഗീയതയുടെയും വിഷവിത്തുകൾ എല്ലാ മതവിഭാഗങ്ങളിലും പൊട്ടിമുളയ്ക്കുന്ന ആപത്ക്കരമായ കാഴ്ചയാണ് നമുക്കു മുമ്പിലുള്ളത്.

സത്യദൈവത്തെമാത്രമേ ആരാധിക്കാവൂ എന്ന ക്രൈസ്തവവിശ്വാസികളുടെ ഒന്നാംപ്രമാണത്തിനു വിരുദ്ധമാണ് ഓണാഘോഷമെന്ന പ്രചാരണം എത്ര വലിയ ആശയക്കുഴപ്പമാണ് വിശ്വാസികൾക്കിടയിൽ ഉണ്ടാക്കുന്നത്! മലയാളികളുടെ ദേശീയോത്സവമായി പരിഗണിക്കപ്പെടുന്ന ഓണാഘോഷം ലോകത്തിന്റെ ഏതു മൂലയ്ക്കും ജീവിക്കുന്ന കേരളീയർക്കും സമൃദ്ധിയുടെയും ഐക്യത്തിന്റെയും സന്തോഷത്തിന്റെയും ആഘോഷമാണ്. പഞ്ഞക്കർക്കിടകം കഴിഞ്ഞുവരുന്ന ചിങ്ങമാസത്തിൽ ഈ ആഘോഷം നടക്കുന്നതിന്റെ ചരിത്രപശ്ചാത്തലംതന്നെ ഇതു സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും ഒരു സാംസ്കാരിക ആഘോഷമാണെന്നു തെളിയിക്കുന്നുണ്ട്. അതേസമയം ഹൈന്ദവ സമൂഹത്തിന് ഓണത്തോടനുബന്ധിച്ച് മതപരമായ മറ്റു ചില ഘടകങ്ങൾ ഉണ്ടെന്നുള്ളത് വസ്തുതയാണ്.

നമ്മുടെ നാടിന്റെ മതപരമായ വളർച്ച അപകടകരമായ ഒരു ഘട്ടത്തിലെത്തി നില്ക്കുകയാണ്. അന്യമതത്തെയും മതാനുയായികളെയും ശത്രുപക്ഷത്തു പ്രതിഷ്ഠിക്കുന്ന തികച്ചും മതവിരുദ്ധമായ ഒരു മനോഭാവം ഈ കാലഘട്ടത്തിൽ കൂടുതൽ വളർന്നുകൊണ്ടിരിക്കുന്നു. പണ്ട് അയൽപക്കത്തുള്ള ഹൈന്ദവ കുടുംബങ്ങൾ വിഷുവിന് സ്വാദിഷ്ടമായ പലഹാരമുണ്ടാക്കി കൊണ്ടുവന്നത് മാതാപിതാക്കൾ സന്തോഷത്തോടെ വാങ്ങി മക്കൾക്കു പങ്കുവച്ചപ്പോൾ ഞങ്ങളനുഭവിച്ചത് സാഹോദര്യത്തിന്റെയും സന്തോഷത്തിന്റെയും രുചിമാത്രമായിരുന്നു. ഒരു മുസ്ലീം സുഹൃത്ത് അവരുടെ പെരുനാൾ ദിവസം അവരുടെ പ്രത്യേക ഭക്ഷണം നന്നായി പാകംചെയ്ത് പള്ളിമുറിയിൽ കൊണ്ടുവരികയും ഞങ്ങൾ ഒരുമിച്ചിരുന്ന് അതു ഭക്ഷിക്കുകയും ചെയ്തപ്പോഴും എനിക്കനുഭവപ്പെട്ടത് സാഹോദര്യത്തിന്റെയും നന്മയുടെയും സൗഹൃദത്തിന്റെയും സ്വാദ് മാത്രമായിരുന്നു. അതുപോലെ പെസഹാനാളിലുണ്ടാക്കുന്ന ഇണ്ടറിയപ്പം അന്യമതസ്ഥരായ അയൽക്കാർക്ക് പങ്കുവച്ചിരുന്ന ഒരു നല്ല പാരമ്പര്യം ഇപ്പോഴും മനസിലുണ്ട്. ഈ കൊടുക്കൽ വാങ്ങലുകൾ തുടരുവാനുള്ള ലാളിത്യം അവനവന്റെ മതവിശ്വാസത്തിൽ വളർന്ന ഇന്നത്തെ തലമുറയ്ക്കു നഷ്ടപ്പെട്ടിരിക്കുന്നു.

ഇങ്ങനെയുള്ള പങ്കുവയ്ക്കൽ നടക്കുമ്പോഴും തങ്ങളുടെ വിശ്വാസാനുഷ്ഠാനങ്ങളിൽ കലർപ്പുണ്ടാകാതിരിക്കാൻ അന്നുള്ളവർ ജാഗ്രത പുലർത്തിയിരുന്നു എന്നതും നാം ഓർക്കണം. ഇണ്ടറിയപ്പവും വട്ടേപ്പവും ഇതര മതസ്ഥരുമായി പങ്കുവച്ചപ്പോഴും കുരിശപ്പം മാമ്മോദീസാ സ്വീകരിച്ചിട്ടുള്ള വിശ്വാസികൾക്കുമാത്രം കൊടുക്കാനുള്ള വിവേകം മാതാപിതാക്കന്മാർ കാണിച്ചിരുന്നു. കാർന്നോന്മാരുടെ ഈ വകതിരിവാണ് ഇന്നത്തെ സമൂഹത്തിനു നഷ്ടപ്പെട്ടിരിക്കുന്നത്.മറ്റു മതവിശ്വാസികളുടെ സംസ്കാരത്തിൽനിന്ന് എന്തു സ്വീകരിക്കണം എന്തു സ്വീകരിക്കരുത് എന്നുള്ള തിരിച്ചറിവ് ഇന്നു നഷ്ടപ്പെട്ടിരിക്കുന്നു. ഒരു കൂട്ടർ സങ്കുചിത മനോഭാവത്തിന്റെ തീവ്രതയിലേയ്ക്കൂളിയിട്ട് അന്യമതങ്ങളെയും അതിന്റെ സംസ്കാരങ്ങളെയും പൂർണമായി പുറംതള്ളുമ്പോൾ മറ്റൊരുകൂട്ടർ സാംസ്കാരികാനുരൂപണമെന്ന ഭാവാത്മകമായ കാഴ്ചപ്പാടിനെ വ്യഭിചരിച്ച് സഭയുടെ നിയതമായ കൂദാശാനുഷ്ഠാനങ്ങളിൽപ്പോലും ഇതരമതവിശ്വാസങ്ങളുടെ ഘടകങ്ങൾ കൂട്ടിച്ചേർത്ത് എല്ലാം കുട്ടിച്ചോറാക്കുന്നു.

അടുത്തകാലത്ത് കൂടിവരുന്ന അബദ്ധ പ്രബോധനങ്ങൾ സത്യവിശ്വാസത്തെ ക്ഷയിപ്പിക്കുന്നതോടൊപ്പം നാട്ടിൽ ഇപ്പോഴും നിലനില്ക്കുന്ന സാമുദായിക സൗഹാർദ്ദംകൂടി നഷ്ടപ്പെടുത്തുന്ന അവസ്ഥയിലേക്കെത്തുകയാണ്. വിശ്വാസം ജീവിച്ചനുഭവിച്ച നമ്മുടെ കാർന്നോന്മാർക്കുണ്ടായിരുന്ന ബോദ്ധ്യവും വിവേകവും വിശ്വാസം വിഷയമായി പഠിച്ചുപാസായ ചില ധ്യാനഗുരുക്കന്മാർക്കെങ്കിലും ഇല്ലാതെ പോകുന്നത് സഭാധികാരികൾ അടിയന്തിരമായി ശ്രദ്ധിക്കേണ്ട കാര്യമാണ്.

ഏതായാലും ക്രിസ്ത്യാനികൾ ഓണമാഘോഷിക്കരുതെന്നു നിർദേശിച്ച ക്രൈസ്തവ പുരോഹിതനും ഹൈന്ദവരല്ലാത്തവർ രാജ്യം വിട്ടുപോകണമെന്നു പറഞ്ഞ ഹിന്ദുസന്ന്യാസിയും ദൈവത്തിന്റെ പേരിൽ ഇതരമതസ്ഥരോട് ചിന്താതീതമായ ക്രൂരത കാണിക്കുന്ന ഐഎസ് ഭീകരനും ഒരേ ഇനത്തിൽപ്പെടുന്നവരാണ്. അവരുടെ മനോഭാവംകൊണ്ടുതന്നെ സമൂഹത്തിന്റെ പൊതുധാരയിൽനിന്ന് അവർ മാറി നില്ക്കുകയാണ്. അവരെ അവിടെത്തന്നെ നിറുത്താൻ പൊതുസമൂഹം നിതാന്തജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. ജാതിമതഭേദമെന്യേ എല്ലാവരും സ്വീകരിച്ചിരുന്ന ഓണത്തപ്പനും ക്രിസ്മസ് അപ്പൂപ്പനുമൊക്കെ വെറും കോമാളികളല്ലെന്നു നാം ഓർമ്മിക്കണം; നമ്മുടെ മക്കളും തിരിച്ചറിയണം. അല്ലെങ്കിൽ മുകളിൽപറഞ്ഞ മതഭ്രാന്തന്മാരുടെ കൂടെച്ചേരുന്ന അനുയായികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കും.



# അമ്മയോടൊപ്പം അനുഗ്രഹവഴിയേ

ബെറ്റി കച്ചിറ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

കുരിശിൻചുവട്ടിൽ നിന്ന അമ്മേ... വിശുദ്ധ സ്ലീവായുടെ ശക്തി തിരിച്ചറിഞ്ഞവളേ... ഇന്നിതാ നിന്റെ മുമ്പിൽ മക്കൾ അണിനിരക്കുന്നു.... ഞങ്ങളുടെ ജീവിതത്തിൽ, കുരിശിനെ നോക്കി പുഞ്ചിരിക്കുവാനും കുരിശിനെ സ്നേഹിക്കുവാനും അതിൽനിന്നുത്തേജനം നേടാനും നീ ഞങ്ങളെ സഹായിക്കണമേ.

**ഒന്നാം ദിവ്യരഹസ്യം**

പാപത്തിന്റെ അടിമത്തത്തിൽ കഴിയുന്ന മനുഷ്യകുലത്തെ മോചിപ്പിക്കാൻ രണ്ടാം ഹവ്വായായ് കടന്നു വന്ന അമ്മേ... പാപത്തിൽനിന്നും സാത്താന്റെ അടിമത്തത്തിൽ നിന്നും ഞങ്ങൾ സ്വതന്ത്രരാകുവാൻ ഞങ്ങൾക്കായി നീ പ്രാർത്ഥിക്കണമേ. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ.

**രണ്ടാം ദിവ്യരഹസ്യം**

പരി. അമ്മേ, നീ നിർമ്മലയാണ്, പരിശുദ്ധയാണ്. ദുഃഖിതരും നിരാലംബരുമായി ഈ ലോകത്തിൽ കഴിയുന്ന ഞങ്ങളിൽ നിന്റെ പരിശുദ്ധിയെ ദർശിക്കുവാൻ വേണ്ട കൃപ ലഭിക്കാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ.

**മൂന്നാം ദിവ്യരഹസ്യം**

പരി.അമ്മേ, മനുഷ്യമക്കൾക്കു നിത്യായുസ്സു ലഭിക്കുവാൻ, ഞങ്ങളുടെ വഴിയിൽ പ്രകാശവുമായി കടന്നുവരുന്നവളേ, നേർവഴിയിൽനിന്നു ഞങ്ങൾ തെറ്റിമാറാതെ പ്രകാശത്തിൽ ഞങ്ങൾ ചരിക്കുവാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. പരി. അമ്മേ, ജീവിതമാകുന്ന വലിയ കടലിന്റെ നടുവിൽ ഞങ്ങൾ ഭയത്തോടെ കഴിയുമ്പോൾ, കാറ്റും കോളും ഞങ്ങളെ അലട്ടുമ്പോൾ, കടലിനെ ശാന്തമാക്കിയവൻ കൂടെയുണ്ട് എന്ന വിശ്വാസത്തിൽ വളരുവാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ.

**നാലാം ദിവ്യരഹസ്യം**

പരി. അമ്മേ, ശാശ്വതമായ ശാന്തി ലഭിക്കുവാൻ, ആടുകൾ ഇടയനെ അറിഞ്ഞു സ്നേഹിച്ച് ദൈവിക ദാനങ്ങളാൽ നിറയണമെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. പാപത്തിന്റെ വഴി വിട്ടകന്ന് നിത്യമായ സമാധാനം പ്രാപിക്കാനുള്ള കൃപ ലഭിക്കാൻ നീ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ.

**അഞ്ചാം ദിവ്യരഹസ്യം**

പരിശുദ്ധ അമ്മേ, നീ നിന്റെ തിരുക്കുമാരനെ ബലിയായി നല്കാൻ തിരുമനസ്സായതുപോലെ ഞങ്ങളുടെ ജീവിതങ്ങളെ സ്വയം ബലിയായി സമർപ്പിക്കുവാനും മരണം വരെ വിശ്വാസത്തിനായി പോരാടുവാനും വേണ്ട കൃപയ്ക്കായി നീ പ്രാർത്ഥിക്കണമേ. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ.

**സമർപ്പണപ്രാർത്ഥന**

പരി. അമ്മേ, നിന്റെ മക്കളിൽ നിന്നുയരുന്ന സ്തുതിഗീതങ്ങൾ നീ സ്വീകരിക്കണമേ. അവസാന വിധി നാളിൽ ഈശ്വരസവിധത്തിൽ ഞങ്ങൾ അണയുമ്പോൾ ഞങ്ങൾക്കൊപ്പം നീ ഉണ്ടായിരിക്കണമേ. നിന്റെ സന്നിധിയിൽ ശരണം തേടുന്ന ഈ മക്കൾക്കായ് നീ പ്രാർത്ഥിക്കണമേ.





വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ

## Spirituality Centre Programme


**September**

| | |
|---|---|
| 12 | Social Animators & School of Bible |
| 19 | Recollection for Oblates |
| 21 | Cenacle Gathering (Sodales&Aspirants) |
| 22 | Maximalism Family Gathering |
| 23 | Bible Study Forum |

**October**

| | |
|---|---|
| 10 | Social Animators & School of Bible |
| 13 | Bible Study Forum |
| 13-14 | Cenacle Gathering (Sodales&Aspirants) |
| 17 | Recollection for Oblates |

## ആശംസകൾ!!!



സീറോ മലബാർസഭയുടെ പ്രഥമ മല്പാനും
ചങ്ങനാശ്ശേരി അതിരൂപതയുടെ വികാരിജനറാളും
അപ്പസ്തോലിക് സൊദാലെസ് സെക്കുലർ
ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ ഫാദറും
പരമാവധിസ്നേഹത്തിന്റെ പ്രേഷിതകുടുംബത്തിന്റെ സ്ഥാപകഡയറക്ടറുമായ
ഞങ്ങളുടെ സ്നേഹബഹുമാനപ്പെട്ട
മാത്യു വെള്ളാനിക്കലച്ചന്
നാമഹേതുകതിരുനാളിന്റെയും (സെപ്റ്റംബർ 21)
ജന്മദിനത്തിന്റെയും (സെപ്റ്റംബർ 25)
പ്രാർത്ഥനാശംസകൾ സ്നേഹപൂർവ്വം നേരുന്നു.

അപ്പസ്തോലിക് ഒബ്ലേറ്റ്സ്
അപ്പസ്തോലിക് സൊദാലെസ്
സോഷ്യൽ ആനിമേറ്റേഴ്സ്

RNI: KERMAL 15541/11/1/2014-TC
Reg. No: KERMAL/2014/59983

Pratheekshayude Poomottukal
(Malayalam Monthly)
Published: September 2015



# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"കർത്താവേ, നിന്റെ സമാധാനം ലോകത്തിന്റെ നാനാ ഭാഗങ്ങളിലും സ്ഥാപിക്കണമേ. നിന്റെ സ്ലീവാവഴി തിരുസഭയെ ഉറപ്പിക്കുകയും അവളുടെ സന്താനങ്ങളെ സംരക്ഷിക്കുകയും ചെയ്യണമേ. അങ്ങനെ ഞങ്ങൾ സഭയിൽ അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും ആരാധനയും എപ്പോഴും സമർപ്പിക്കുവാനിടയാകട്ടെ."

(ഏലിയ-സ്ലീവാ-മൂശെക്കാലം, ഞായർ-റംശ)

Printed, Published & Owned by Annamma Kulathupurayidom, Apostolic Oblates, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 0481-2570862, E-mail: wigipress@gmail.com and Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph: 0481 2578192, E-mail: psmktm@gmailcom.
Editor: Fr. Mathew Vellanickal